നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

3.00 ക.

## പത്രക്കാരന്ന് കയ്യാമം



കർണ്ണാടകത്തിലെ ബി.ജെ.പി. ഗവർമ്മേണ്ട് ചിത്ര ഗ്രൂപ്പിൽപെട്ട പ്രസിദ്ധീകരണങ്ങളുടെ പത്രാധിപരായ ബി.വി. സീതാരാമനെ രണ്ടു കൊല്ലം പഴക്കമുള്ള ഒരു മാനനഷ്ടക്കേസിന്റെ പേരിൽ അറസ്റ്റ് ചെയ്ത് കയ്യാമംവച്ച് ഹാജരാക്കുന്നു.

142

ഫെബ്രുവരി 2009

# പോൾ ക്രൂഗ്മാന്ന് നോബൽ സമ്മാനം


പോൾ ക്രൂഗ്മാൻ

**അ**മേരിക്കയുടെ സാമ്പത്തിക നയങ്ങളെ അതിരൂക്ഷമായി വിമർശിച്ചുവരുന്ന അമേരിക്കൻ സാമ്പത്തിക ശാസ്ത്രവിശാരദനായ പോൾ ക്രൂഗ്മാന്നാണ് സാമ്പത്തിക ശാസ്ത്രത്തിന്നുള്ള ഇക്കൊല്ലത്തെ നോബൽ സമ്മാനം ലഭിച്ചത്.

അമേരിക്കയിലെ പ്രിൻസ്ടൺ സർവ്വകലാശാലയിലെ പ്രൊഫസറായ ക്രൂഗ്മാൻ (55) പുതിയൊരു വ്യാപാര വിശകലന സിദ്ധാന്തം ആവിഷ്ക്കരിച്ചിട്ടുണ്ട്.

രണ്ടാഴ്ചക്ക് ഇത് കുറച്ച് ഒച്ചപ്പാടുണ്ടാക്കും. അതു കഴിഞ്ഞാൽ ഞാൻ ഞാൻതന്നെയായി മാറും എന്നാണ് നോബൽ സമ്മാനത്തെപ്പറ്റി ക്രൂഗ്മാൻ പറഞ്ഞത്.

ആഗോളതലത്തിൽ സാമ്പത്തിക കുഴപ്പങ്ങൾ വേലിയേറ്റം നടത്തിക്കൊണ്ടിരുന്ന കാലമാകയാൽ, സാമ്പത്തിക ശാസ്ത്രത്തിന്നുള്ള ഇക്കൊല്ലത്തെ നോബൽ സമ്മാനം ആർക്കായിരിക്കുമെന്ന് ലോകം ഉറ്റുനോക്കിക്കൊണ്ടിരിക്കുകയായിരുന്നു.

അനിയന്ത്രിതമായ സ്വതന്ത്രവിപണിനയങ്ങളെ ക്രൂഗ്മാൻ അതിരൂക്ഷമായി വിമർശിച്ചുവരികയായിരുന്നു. ആഗോളവൽക്കരണത്തിലും വികസ്വരലോകത്തിലുമായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ.

ദീർഘപരമ്പരയായിട്ടാണെങ്കിൽ പല സാധനങ്ങളും പല സേവനങ്ങളും വളരെ കുറഞ്ഞ ചെലവിൽ ഉൽപാദിപ്പിക്കാമെന്ന സിദ്ധാന്തക്കാരനാണിദ്ദേഹം. ആഗോളവൽക്കരണം നഗരജീവിതത്തിൽ സമ്മർദ്ദം കൂട്ടുന്നു. കാരണം സ്പെഷലൈസേഷൻ മൂലം ഈ കേന്ദ്രങ്ങളിലേക്ക് വിദഗ്ധർ ആകർഷിക്കപ്പെടുന്നു. തന്മൂലം നാട് രണ്ടു ചേരിയാകും. ഉയർന്ന സാങ്കേതികവിദ്യയോടുകൂടിയ സാക്ഷാൽ നഗരപ്രദേശങ്ങളും വികസനം കുറഞ്ഞ പരിസരങ്ങളും രണ്ടായിരിക്കും.

പരമ്പരാഗത വ്യാപാര സിദ്ധാന്തം നേരെ മറിച്ചാണ്. ചില രാജ്യങ്ങൾ കാർഷികോല്പന്നങ്ങൾ കയറ്റുമതി ചെയ്യുമ്പോൾ മറ്റുചില രാജ്യങ്ങൾ വ്യാവസായികോല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നത് രാജ്യങ്ങൾതമ്മിലുള്ള അന്തരം മൂലമാണെന്നാണവരുടെ സിദ്ധാന്തം. ❑



ജനനീതി

ഫെബ്രുവരി 2009
142

പത്രാധിപർ:
ടി.വി. അച്ചുതവാരിയർ

പത്രാധിപസമിതി:
കെ.ജി. ശങ്കരപ്പിള്ള
സി.പി. ഗംഗാധരൻ
ഫ്രാൻസീസ് സേവ്യർ
പി.എസ്. മനോജ്കുമാർ
പി.എൻ. ഗോപീകൃഷ്ണൻ
എൻ.എൻ. ഗോകുൽദാസ്
ജോർജ്ജ് പുലികുത്തിയിൽ

ജനനീതി
പി.ബി. നമ്പർ 8
തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്
തൃശൂർ – 680 651
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# ഭീകരാക്രമണം ഓരോന്നിന്നും ഓരോ നിയമനിർമ്മാണം

**ഇ**ന്ത്യയിൽ എവിടെയെങ്കിലും സർക്കാർ വകയല്ലാത്ത ഒരു ഭീകരാക്രമണമുണ്ടായാലുടൻ തീരുമാനിക്കാം, അതിന്റെ പിന്നാലെ സർക്കാർ വക ഒരു ഭീകരാക്രമണംകൂടി ഉണ്ടാകുമെന്ന്. ഏറ്റവും ഒടുവിലുണ്ടായ മുംബായ് ഭീകരാക്രമണവും അതേ വഴിക്കുതന്നെയാണ് പോയിരിക്കുന്നത്. ഇത്തവണ ഒന്നല്ല രണ്ടു നിയമങ്ങൾ പാർലിമെന്റ് കയ്യടിച്ചു പാസാക്കി വിട്ടിട്ടുണ്ടെന്ന ഒരു വ്യത്യാസമേയുള്ളൂ.

ഇന്ത്യയിൽ ഭീകര പ്രവർത്തനങ്ങൾ ഏറെയാണ്; ചിലത് സർക്കാർ വകയാണെങ്കിൽ ചിലത് സർക്കാരേതരമാണെന്ന വ്യത്യാസമേയുള്ളൂ. നെല്ലികൂട്ടക്കൊല (1983) ദൽഹികൂട്ടക്കൊല (1984) ഗുജറാത്ത് കൂട്ടക്കൊല (2002) എന്നിവയെല്ലാം സർക്കാർ ആഭിമുഖ്യത്തിൽ നടന്നവയും ആയിരക്കണക്കിനാളുകൾ കൊല്ലപ്പെട്ടവയുമാണ്. എന്നാൽ സ്വദേശികളും വിദേശികളുമായ ഒന്നോ രണ്ടോ പത്തോ ഭീകരന്മാർ ചേർന്ന് നടത്തുന്ന ഭീകരാക്രമണങ്ങൾ ഗവർമ്മേണ്ടിന്നു നാണക്കേടുണ്ടാക്കും. ഇതിൽ ഏറ്റവും വലുതാണ് ഈയിടെ മുംബായിൽ നടന്നത്. വെറും പത്തു പയ്യന്മാർ ചേർന്ന് ഇന്ത്യാ മഹാരാജ്യത്തെയാകെ മൂന്നു ദിവസം കിടുകിടെ വിറപ്പിച്ചു. വെറും കടലാസിൽ പടുത്തുയർത്തിയിരുന്ന സുരക്ഷാ സംവിധാനങ്ങളെയെല്ലാം മറികടന്നാണിവർ ഈ വിക്രമങ്ങളെല്ലാം കാണിച്ചതെന്നോർക്കുമ്പോൾ, ആഭ്യന്തരകാര്യമന്ത്രിയെന്നല്ല, പ്രധാനമന്ത്രിതന്നെ രാജിവച്ചുകളയുമായി

രുന്നു. എന്തോ ആരുടേയോ ഭാഗ്യത്തിന്ന് അങ്ങനെയൊന്നും സംഭവിച്ചില്ല. നമുക്കിന്നും പ്രധാനമന്ത്രിയുണ്ട്; ഗവർമ്മേണ്ടുണ്ട്; പാർലിമെന്റുണ്ട്. അപ്പോൾ പിന്നെ ചെയ്യാവുന്നത് നിയമനിർമ്മാണം നടത്തലാണ്. അതവർ നടത്തി; കക്ഷിഭേദമില്ലാതെ എല്ലാവരും കൈപൊക്കി. നിയമത്തിന്ന് ബലം പോരെന്ന് പ്രതിപക്ഷക്കാർക്ക് അഭിപ്രായമുണ്ടായിരുന്നുവെങ്കിലും ഒന്നുമില്ലാത്തതിനേക്കാൾ ഭേദമാണല്ലൊ വല്ലതുമൊന്നുണ്ടാകുന്നത് എന്നു കരുതി അവരും കൈപൊക്കി.

ഈ നിയമനിർമ്മാണങ്ങളുടെ ഫലമായി നമുക്കിപ്പോൾ ഒരു അഖിലേന്ത്യാ അന്വേഷണ സേനയുണ്ടാകും. നമുക്കിപ്പോഴുള്ളത് ഒരു സി.ബി.ഐ. മാത്രമാണ്. അതിന്നു വല്ലതും അന്വേഷിക്കണമെങ്കിൽ സംസ്ഥാന ഗവർമ്മേണ്ട് ആവശ്യപ്പെടണം. സംസ്ഥാനങ്ങൾ അങ്ങനെ ആവശ്യപ്പെടാത്തതുകൊണ്ടാണ് രാജ്യം നിറയെ ഭീകരന്മാർ ഒളിച്ചുകളിക്കുന്നത്. പുതിയ നിയമപ്രകാരം ദൽഹിയിലെ പോലീസുകാരന്ന് തിരുവനന്തപുരത്തുവന്ന് ആരേയും പിടിച്ചുകൊണ്ടുപോകാം. ചോദിക്കാനും പറയാനും ആരും ഉണ്ടാവില്ല. അങ്ങനെ പിടിച്ചുകൊണ്ടുപോകുന്നവനെ ഒരുമാസംവരെ ആരുമറിയാതെ കസ്റ്റഡിയിൽ വയ്ക്കാം. ഈ ഒരു മാസംകൊണ്ടും "ശരി"പ്പെടുത്തിയെടുക്കാൻ കഴിയാത്തവനെ മാത്രമേ കോടതിയിൽ ഹാജരാക്കേണ്ടതുള്ളൂ.

ഈ ഒരുമാസത്തെ ഭേദ്യമുറകൾകൊണ്ട് ശരിപ്പെടുത്തിയെടുക്കാൻ കഴിയാത്ത വല്ല ജയപ്രകാശോ മത്തായി മാഞ്ഞൂരാനോ ഉണ്ടെങ്കിൽ അവരെ കൈകാര്യം ചെയ്യാനും മാർഗ്ഗമുണ്ട്. അയാളുടെ കയ്യിലുള്ള തീപ്പെട്ടി സദുദ്ദേശപൂർവ്വമാണ് കൈവശം വച്ചിരിക്കുന്നതെന്ന് അയാൾ തെളിയിക്കണം. തീപ്പെട്ടി ഉരച്ചാൽ കത്തും; കത്തിയാൽ പൊള്ളും; പൊള്ളിക്കുന്നത് സദുദ്ദേശപരമാണെന്ന് തെളിയിക്കാൻ സാക്ഷാൽ ദൈവത്തിന്നുപോലും സാധ്യമല്ല.

പുതിയ പോലീസ് സേനക്ക് രൂപം നൽകാൻ ശ്രമിക്കുന്നതിന്നുമുമ്പ് നമ്മുടെ പഴയ പോലീസ് സേനയെപ്പറ്റി ഗവർമ്മേണ്ട് ചിന്തിക്കാത്തതെന്താണ്? പോലീസ് നവീകരണം സംബന്ധിച്ച പല റിപ്പോർട്ടുകളും ദൽഹി സെക്രട്ടേറിയറ്റിൽ പൊടിപിടിച്ചു കിടക്കുന്നില്ലേ? ഇന്ത്യയിലെ ഏതെങ്കിലും സംസ്ഥാനത്തിൽ ആവശ്യത്തിന്നു വേണ്ടത്ര പോലീസുകാരുണ്ടോ? റിക്രൂട്ട് ചെയ്യപ്പെടുന്ന പോലീസുകാർക്കുതന്നെ ശരിയായ പരിശീലനം നൽകുന്നുണ്ടോ? ക്രമസമാധാനപാലനവും കേസന്വേഷണവും രണ്ടു വിഭാഗമാക്കി തിരിക്കണമെന്ന പ്രാഥമിക നിർദ്ദേശം പോലും നടപ്പാക്കിയിട്ടുണ്ടോ? മര്യാദക്കാരാരും പോലീസിൽ ചേരാൻ കൂട്ടാക്കാത്തതെന്താണെന്ന് ഗവർമ്മേണ്ട് അന്വേഷിച്ചിട്ടുണ്ടോ? യോഗ്യതയുള്ളവരെ കിട്ടാത്തതുമൂലം അനേകം ഉയർന്ന തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നു പറയുന്നത് ശരിയാണോ?

ഇത്തരമൊരു സാഹചര്യത്തിൽ പുതിയൊരു ദേശീയന്വേഷണ ഏജൻസിക്ക് എങ്ങനെ രൂപം നൽകും. പോലീസിലെ ഒഴിവുകൾ നികത്താൻ കഴിവില്ലാത്ത ഗവർമ്മേണ്ട് എങ്ങനെ സമർത്ഥരായ അന്വേഷകരടങ്ങിയ പുതിയൊരു ഏജൻസിയുണ്ടാക്കും. സി.ബി.ഐ. യുടെ വിവരക്കേടിനെക്കുറിച്ച് സുപ്രീംകോടതിമുതൽ കേരളത്തിലെ മജിസ്രേട്ട് കോടതിവരെ നടത്തിയിട്ടുള്ള പരാമർശങ്ങൾ വായിച്ചിട്ടുള്ള ഒരാൾക്ക് ലോകത്തെത്തന്നെ കയ്യിലെടുക്കേണ്ട ഭാരമുള്ള ദേശീയന്വേഷണ ഏജൻസിയെപ്പറ്റി എന്തു പ്രതീക്ഷിക്കാനാകും?

അമേരിക്കയെപ്പോലെയുള്ള ജനാധിപത്യ രാജ്യങ്ങളിൽ പ്രസിഡണ്ടിനെപ്പോലും കൂസാത്തവരാണ് പോലീസുകാർ. നിയമത്തിന്റെ നാലതിർവിട്ട് എന്തെങ്കിലും പറയുകയോ ചെയ്യുകയോ ഉണ്ടായാൽ അവിടെ ഭൂകമ്പം തന്നെ സംഭവിക്കും. ഈയിടെ ഒരു രഹസ്യാന്വേഷണ ഏജന്റിന്റെ പേര് അമേരിക്കൻ വൈസ് പ്രസ്ഡണ്ട് പുറത്തു പറഞ്ഞതു സംബന്ധിച്ചുണ്ടായ കേസും കൂട്ടവും ഒന്നാലോചിച്ചുനോക്കൂ. ഇന്ത്യയിലാണെങ്കിൽ പോലീസുകാർ പ്രധാനമന്ത്രിമുതൽ പഞ്ചായത്ത് പ്രസിഡണ്ട് വരെയുള്ളവരുടെ ആജ്ഞാനുവർത്തികളാകണം; അതുമല്ല ഭരണകക്ഷികളുടെ കുട്ടിനേതാക്കന്മാരെവരെ വന്ദിക്കണം. ഇത്തരമൊരു സാഹചര്യത്തിൽ, നിങ്ങൾക്കെവിടെനിന്നുകിട്ടും ഒരു ദേശീയ അന്വേഷണ ഏജൻസി നടത്താൻ വേണ്ട സ്വഭാവ ശുദ്ധിയും ആർജ്ജവ ബുദ്ധിയുമുള്ള ഉദ്യോഗസ്ഥന്മാരെ?

ഒരു ദേശീയ അന്വേഷണ ഏജൻസി ഉണ്ടാകുന്നതിൽ ഒരപകടവുമില്ല. ഇതിന്നുവേണ്ട ആളുകളെ എങ്ങനെ തിരഞ്ഞു പിടിക്കും. എങ്ങനെ പരിശീലിപ്പിക്കും; എങ്ങനെ നിയന്ത്രിക്കും എന്നിവയെല്ലാമാണ് പിടികിട്ടാ പ്രശ്നങ്ങൾ. പണ്ട് സി.ബി.ഐ. പ്രശസ്തമായിരുന്നു. അതിനെ കണ്ടമാനം ദുരുപയോഗപ്പെടുത്തിയതുകൊണ്ട് അതിന്നിപ്പോൾ സൽപേരിനേക്കാളധികം ചീത്തപേരാണുള്ളത്. ഒരു കന്യാസ്ത്രീയുടെ മരണം സംബന്ധിച്ച് തുമ്പുണ്ടാക്കാൻ രണ്ടു ദശാബ്ദത്തോളം ശ്രമിച്ചിട്ടും നടന്നിട്ടില്ലെന്നതോ പോകട്ടെ, ഇതിന്നകം എത്രയേറെ ചീത്തപ്പേരു സമ്പാദിക്കേണ്ടിവന്നുവെന്നോർത്താൽ, ഒരു ദേശീയ അന്വേഷണ ഏജൻസി ഉണ്ടാക്കുകയോ ഉണ്ടാക്കാതിരിക്കുകയോ അല്ല യഥാർത്ഥ പ്രശ്നമെന്ന് വ്യക്തമാകും. സത്യസന്ധതയും ആർജ്ജവ ബുദ്ധിയും ആത്മാർപ്പണ മനോഭാവവുമുണ്ടെങ്കിൽ, ഇന്നുള്ള നിയമങ്ങൾതന്നെ ധാരാളമാണെന്നു കാണാം. ഇതൊന്നുമില്ലെങ്കിലോ ദേശീയ അന്വേഷണ ഏജൻസിയെന്നല്ല, ഒരു മാരകനിയമവും ഗുണം ചെയ്യില്ല. ഉഗ്രനാണെന്നു പറഞ്ഞു നടപ്പാക്കിയ TADA യുടെ കഥ നമുക്കറിയാം; അത്യുഗ്രനെന്നു പറഞ്ഞു നടപ്പാക്കിയ POTA യുടെ കഥയും നമുക്കറിയാം. ഇത്തരം മാരക നിയമങ്ങളനുസരിച്ച് ചാർജ് ചെയ്യപ്പെട്ട കേസുകളിൽ 98 ശതമാനവും കോടതികൾ തള്ളിക്കളയുകയാണുണ്ടായത്. കുറെപേരെ കുറെ കാലം വിചാരണപോലും നടത്താതെ തടങ്കലിൽ വയ്ക്കാൻ കഴിഞ്ഞു എന്നതുമാത്രമാണ് ഇതുകൊണ്ടുണ്ടായ ഒരു നേട്ടം. അതായത് ഇന്ത്യൻ ഭരണഘടന ജനങ്ങൾക്ക് ഉറപ്പു നൽകുന്ന സകലവിധ അവകാശങ്ങളും നിഷേധിക്കപ്പെട്ടുവെന്നർത്ഥം. ഇനിയും ആ വഴിക്കു നാം സഞ്ചരിക്കണോ? ഓരോ അനീതിയും ഓരോ ഭീകരനെ സൃഷ്ടിക്കലാണെന്ന വസ്തുത നമ്മുടെ രാഷ്ട്രീയ നേതാക്കന്മാർ മനസ്സിലാക്കാത്തതാണ് അത്ഭുതം. ❑

# ഭീകരമായ മറ്റൊരു ഭീകരവിരുദ്ധ നിയമം

- രോഹിണി മോഹൻ -

**പ**തിവുള്ള ഒരു തീവണ്ടിയാത്രയെക്കുറിച്ച് ചിന്തിച്ചുനോക്കൂ. നിങ്ങൾക്കിറങ്ങേണ്ട സ്റ്റേഷനിലെത്തിയപ്പോൾ നിങ്ങൾ ഇറങ്ങുന്നു. ഒരു സ്നേഹിതന്റെ പുളിച്ച ഫലിതം കേട്ട് ചിരിച്ചുകൊണ്ടാണ് നിങ്ങൾ വണ്ടിയിൽനിന്നിറങ്ങുന്നത്. പെട്ടെന്ന് ഒരാൾ നിങ്ങളുടെ കയ്യിൽ പിടിച്ച് വലിച്ചിഴക്കുന്നു. ഒരാളല്ല; അയാളോടൊപ്പം വേറേയും കുറെ പേരുണ്ട്; നിങ്ങൾ ഒരിക്കലും കണ്ടിട്ടില്ലാത്തവരാണ്. തങ്ങളോടൊപ്പം വന്നില്ലെങ്കിൽ കൊന്നുകളയുമെന്ന് അവർ ഭീഷണിപ്പെടുത്തുന്നു. കയ്യോടെ നിങ്ങളുടെ കണ്ണുകെട്ടി; ഏതോ വാഹനത്തിലേക്ക് വലിച്ചുകയറ്റി. വാഹനം പറക്കുകയാണ്. ഏങ്ങോട്ട്? ഒരു പിടിയുമില്ല. നിങ്ങളെ നഗ്നനാക്കി ഒരു മുറിക്കകത്തിടുന്നു. പിന്നെ തല്ലലാണ്. ഇടക്കിടെ എലക്ട്രിക് ഷോക്ക്. ദിവസം ആറുതവണ.

നിങ്ങൾ ഒരു മെഡിക്കൽ വിദ്യാർത്ഥി മാത്രമാണ്. പക്ഷെ പോലീസ് പറയുന്നത് നഗരത്തിൽ 16 പേരുടെ മരണത്തിന്നിടയാക്കിയ സ്ഫോടനത്തിന്നുത്തരവാദി നിങ്ങളാണെന്നാണ്. കുറ്റം സമ്മതിപ്പിക്കാൻ പോലീസ് സകലവിധ ഭേദ്യമുറകളും പ്രയോഗിക്കുന്നു. അപ്പോഴാണ് നിങ്ങളെ പിടികൂടിയിരിക്കുന്നത് പോലീസുകാരാണെന്ന് നിങ്ങൾ മനസ്സിലാക്കുന്നത്. അവർ നിങ്ങളുടെ മീശ മുറിച്ചുകളഞ്ഞു; നിങ്ങളുടെ മതത്തെ തെറികൊണ്ടഭിഷേകം ചെയ്തു. പീഡനംകൊണ്ട് ആകെ തകർന്നപ്പോൾ നിങ്ങൾ സമ്മതിക്കുന്നു. “അതെ ഞാനാണ് ബോംബ് വച്ചത്”.

ഒരു മജിസ്ട്രേട്ടിന്റെ മുന്നിൽ നിങ്ങളെ ഹാജരാക്കുന്നു. മജിസ്ട്രേട്ട് നിങ്ങളെ അഞ്ചു മാസത്തേക്ക് റിമാൻഡ് ചെയ്യുന്നു. നിങ്ങളുടെ കുടുംബത്ത് വിവരമറിയിച്ചില്ല; നിങ്ങൾക്കൊരു വക്കീലില്ല; ഫോൺ ചെയ്യാൻ അനുവാദമില്ല. കയ്യിൽ കാശുമില്ല. നിങ്ങളെ ഭേദ്യം ചെയ്യുന്ന ജീവികളെയല്ലാതെ ഒരാളേയും നിങ്ങൾക്ക് ആറുമാസക്കാലം കാണാൻ കഴിഞ്ഞില്ല. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിലെ പൗരനായ നിങ്ങൾക്ക് മനുഷ്യാവകാശങ്ങളിൽ ഒന്നുപോലും അനുവദിച്ചില്ല.

ഇത് കഥയല്ല; സംഭവിച്ചതാണ്. പേര്: ജുനൈദ്. ഹൈദരാബാദിലെ മെഡിക്കൽ കോളേജിൽ പഠിക്കുന്ന 25 വയസ്സുള്ള വിദ്യാർത്ഥി. ഇത് ഒരാളുടെ മാത്രം കഥയല്ല. ഹൈദരാബാദ് നഗരത്തിലെ മറ്റ് ഇരുപത് ചെറുപ്പക്കാർക്കും ഇതേ അനുഭവമുണ്ടായി. 2007 മേയിൽ മെക്ക മസ്ജിദിലുണ്ടായ സ്ഫോടനം കഴിഞ്ഞ് അല്പ ദിവസങ്ങൾക്കകമാണ് ഇവരെയെല്ലാം വേട്ടയാടി പിടിച്ചത്. എല്ലാവരേയും ആറുമാസത്തോളം നിയമവിരുദ്ധമായി തടങ്ങലിലിട്ടു. എന്തെങ്കിലും തെളിവ് ഹാജരാക്കാൻ പോലീസിന്നു കഴിയാത്തതിനാൽ മിക്കവരേയും കോടതി വിട്ടയച്ചു.

ജുനൈദിനെ ഈ കേസിന്റെ പേരിൽ കോളേജിൽനിന്നു പുറത്താക്കിയിരിക്കുകയാണ്. മറ്റുള്ളവരിൽ മിക്കവർക്കും അവരുടെ ജോലി നഷ്ടപ്പെട്ടു. ആന്ധ്ര മൈനോറിട്ടി കമ്മീഷൻ നടത്തിയ അന്വേഷണത്തിൽ, മുസ്ലിം യുവാക്കളെ നാനാവിധ പീഡനങ്ങൾക്കിരയാക്കിയതായി പരസ്യമായി സമ്മതിച്ചിട്ടുണ്ട്. ഗവർമ്മേണ്ടും അതു സമ്മതിക്കുന്നു; ഗവർമ്മേണ്ട് ക്ഷമാപണം നടത്തി. അത്രതന്നെ.

ഈ പരാക്രമങ്ങളെല്ലാം കാണിച്ച പോലീസുകാർ ഇപ്പോഴും ജോലിയിൽ തുടരുന്നു. നാമമാത്രമായൊരു ശിക്ഷ പോലും ആർക്കും ലഭിച്ചിട്ടില്ല.

വെറും സാധാരണ നിയമങ്ങൾക്ക് കീഴിൽതന്നെ ഇങ്ങനെയെല്ലാം സംഭവിക്കാമെങ്കിൽ പുതിയ ഭീകരവിരുദ്ധ നിയമങ്ങൾക്കുകീഴിൽ എന്തെല്ലാം സംഭവിക്കാമെന്ന് നിങ്ങൾതന്നെ ആലോചിക്കൂ എന്നാണ് പൗരസ്വാതന്ത്ര്യ പ്രവർത്തകനായ ഗൗതം നവലഖ പറയുന്നത്.

വാജ്‌പേയിയുടെ ഭരണകാലത്ത് കൊണ്ടുവന്ന ഭീകരപ്രവർത്തന നിരോധന നിയമം (പോട്ട) പാടെ ദുരുപയോഗം ചെയ്യപ്പെട്ടതിനാൽ മൻമോഹൻ സിങ്ങിന്റെ നേതൃത്വത്തിലുള്ള ഗവർമ്മേണ്ട് അധികാരമേറ്റയുടൻ അതു റദ്ദാക്കുകയാണ് ചെയ്തത്. അതേ മൻമോഹൻ സിങ്ങിന്റെ നേതൃത്വത്തിലുള്ള ഗവർമ്മേണ്ട് ഇപ്പോഴിതാ ഒന്നല്ല, രണ്ടു മാരകനിയമങ്ങളാണ് പാസാക്കിയിരിക്കുന്നത്. രാജ്യവ്യാപകമായി അന്വേഷണാധികാരമുള്ള ഒരു നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി ഉണ്ടാക്കാനുള്ളതാണ് ഒരു നിയമം. സി.ബി.ഐ.യേക്കാൾ മുരടിച്ച നിയമമാണിത്. കേരളത്തിലുണ്ടായ ഒരു സംഭവത്തെപ്പറ്റി സി.ബി.ഐ. അന്വേഷിക്കണമെങ്കിൽ, കേരള ഗവർമ്മേണ്ട് അതിന്നാവശ്യപ്പെടണം എന്നാൽ പുതിയ പടപ്പിന്റെ സ്ഥിതി അതല്ല. ഇന്ത്യയിൽ എവിടെ കയറിച്ചെന്നും അന്വേഷണം നടത്താം. കുറ്റവിചാരണക്ക് സ്വന്തം സംവിധാനമുണ്ടാക്കാം. സ്പെഷൽ കോടതി സ്ഥാപിക്കാം. രണ്ടാമത്തെ നിയമം 1967ലെ നിയമവിരുദ്ധ പ്രവർത്തന ഭേദഗതിനിയമം ഭേദഗതി ചെയ്യാനുള്ളതാണ്. ഇതനുസരിച്ച് വിദേശികളെ എത്രകാലം വേണമെങ്കിലും തടങ്ങലിൽ വയ്ക്കാം. പ്രതിക്കൂട്ടിൽ ഇന്ത്യൻ പൗരനാണെങ്കിൽ പ്രോസിക്യൂഷന്നു പറയാനുള്ളത് കേട്ട ശേഷമേ ജാമ്യം അനുവദിക്കൂ. ആരുടെയെങ്കിലും കയ്യിൽ തോക്കോ സ്ഫോടനവസ്തുക്കളോ കണ്ടെത്തിയാൽ അതു ദുരുദ്ദേശപൂർവ്വം കയ്യിൽ വച്ചിരിക്കുന്നതല്ല എന്നു തെളിയിക്കേണ്ട ഭാരം പ്രതിക്കായിരിക്കും.

നിയമഭേദഗതിയിലെ ഏറ്റവും പ്രതിഷേധാത്മകമായ ഭാഗം പോലീസ് കസ്റ്റഡിയുടെ കാലം ഇരട്ടിപ്പിച്ചിരിക്കുന്നുവെന്നതാണ്. നിലവിലുള്ള നിയമപ്രകാരം പ്രതിയെ 15 ദിവസമേ പോലീസിന്റെ കസ്റ്റഡിയിൽ വയ്ക്കാൻ പാടുള്ളൂ; പുതിയ ഭേദഗതി പ്രകാരം അത് 30 ദിവസമാക്കിയിരിക്കുന്നു. അതായത് ഒരാളെ കസ്റ്റഡിയിൽവച്ച് ഭേദ്യം ചെയ്യാനുള്ള സമയം ഇരട്ടിപ്പിക്കുന്നു എന്നർത്ഥം.

പുതിയ അന്വേഷണ ഏജൻസിയെ എങ്ങനെ നിയമിക്കുമെന്നറിയില്ല. യു.പി.യിലെ പോലീസ് ഡയറക്ടർ ജനറലായിരുന്ന പ്രകാശ് സിങ് ചോദിക്കുന്നത് ഇതെങ്ങനെ സംഘടിപ്പിക്കുമെന്നാണ്. ഇതിന്നാവശ്യമായ ഉദ്യോഗസ്ഥന്മാരെ എവിടെനിന്നുകിട്ടും? കഴിവും ശേഷിയുമുള്ള ഐ.പി.എസ്. ഓഫീസർമാരെ കണ്ടെത്താനാകാതെ സംസ്ഥാന പോലീസ് സംവിധാനങ്ങളും സി.ബി.ഐ.യും കഷ്ടപ്പെടുകയാണ്. അങ്ങനെയിരിക്കെ ഒരു ദേശീയ പോലീസ് സേന എങ്ങനെ രൂപീകരിക്കും?

സി.ബി.ഐ. തസ്തികകളിൽ മൂന്നിലൊന്ന് ഒഴിഞ്ഞുകിടപ്പാണ്. കാരണം, യോഗ്യതയുള്ള അപേക്ഷകരെ കണ്ടെത്താനാവുന്നില്ലെന്നതുതന്നെ. രഹസ്യാന്വേഷണ ഏജൻസിയായ ഇന്റലിജൻസ് ബ്യൂറോവിൽ 28,000 ജീവനക്കാരുണ്ട്. ഇവരിൽ ഫീൽഡിലിറങ്ങി പണിയെടുക്കുന്നവർ 3500 പേർ മാത്രമാണ്.

ആരെല്ലാം എന്തെല്ലാം ചെയ്യണ

മെന്നു തീരുമാനിക്കാതെ വെറുതെ ഓരോന്നു പടച്ചുണ്ടാക്കുകയും അതിന്ന് അധികാരങ്ങൾ നൽകുകയും ചെയ്താൽ പറ്റില്ല എന്ന് പ്രകാശ് സിങ് ഓർമ്മിപ്പിക്കുന്നു. "ഇന്റലിജൻസ് ബ്യൂറോയിലെ ഉദ്യോഗസ്ഥന്മാരെ ഇതിന്നു നിയോഗിക്കാനാവില്ല. ഞാൻ പത്തുകൊല്ലം ഇന്റലിജൻസ് ബ്യൂറോവിൽ പണിയെടുത്തവനാണ്. ഒരു സൈക്കിൾ മോഷണംപോലും അവർക്കന്വേഷിക്കാനാവില്ല. ഒരു എഫ്.ഐ.ആർ. ഫയൽ ചെയ്യുന്നതെങ്ങനെയെന്നതു മുതൽക്കെല്ലാം അവരെ പഠിപ്പിച്ചുണ്ടാക്കേണ്ടിവരും" എന്ന് അദ്ദേഹം പറഞ്ഞു.

ഇതെങ്ങും എത്തില്ലെന്നാണ് ഇൻസ്റ്റിട്യൂട്ട് ഫോർ കോൺഫ്ളിക്റ്റ് മാനേജ്മെന്റിന്റെ ഡയറക്ടറായ അജയ് സാഹ്നി പറയുന്നത്. ഇതിന്നുമുമ്പും ഇങ്ങനെ പലതും പടച്ചുണ്ടാക്കിയിട്ടുണ്ട്. നാഷനൽ ഡിസാസ്റ്റർ മാനേജ്മെന്റ് അഥോറിട്ടി എന്നൊന്നുണ്ടാക്കിയിരുന്നു. നാഷനൽ സെക്യൂരിറ്റി കൗൺസിൽ എന്ന വേറൊന്നും ഉണ്ടാക്കുകയുണ്ടായി. ഡിഫൻസ് ഇന്റലിജൻസ് ഏജൻസിയാണ് മറ്റൊന്ന്! ഇവയെല്ലാം കടലാസ് സംഘടനകളായി കിടക്കുകയാണ്; ഒന്നിനും പണം അനുവദിച്ചിട്ടില്ല; പരിശീലനം നേടിയ ഉദ്യോഗസ്ഥന്മാരുമില്ല. തിരഞ്ഞെടുപ്പിനെ മുന്നിൽകണ്ട് പടച്ചുണ്ടാക്കുന്ന ഒന്നാണ് ഈ ദേശീയ ഇൻവെസ്റ്റിഗേഷൻ ഏജൻസിയെന്ന് സാഹ്നി കരുതുന്നു.

ദേശീയ ഇൻവെസ്റ്റിഗേഷൻ ഏജൻസിയെ അനുകൂലിക്കുന്നവർക്കുപോലും അതിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ആശങ്കയുണ്ട്. വിദേശ രഹസ്യാന്വേഷണ ഏജൻസിയായ "റോ"വിന്റെ തലവനായിരുന്ന എ.കെ. വർമ്മ ഈ ഏജൻസിക്കനുകൂലമാണ്. വിദേശ രഹസ്യാന്വേഷണം (റോ), ആഭ്യന്തര രഹസ്യാന്വേഷണം (ഇന്റലിജൻസ് ബ്യൂറോ), കുറ്റാന്വേഷണം (സി.ബി.ഐ.) എന്നിവയുടെ അവശതകളിൽ ചിലത് പരിഹരിക്കാൻ നാഷനൽ ഇൻവെസ്റ്റിഗേഷൻ ഏജൻസിക്കു കഴിയുമെന്ന് വർമ്മ പറയുന്നു. ഒരു ഭീകരപ്രവർത്തനമുണ്ടാകുമ്പോഴാണ് നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി ആവശ്യമായി വരുന്നത്. ഇന്ന് അങ്ങനെയൊന്നില്ല. പക്ഷെ ഭീകരരെ ഒതുക്കൽ എന്നത് ഒരു ദീർഘകാല പദ്ധതിയാണ്. ഒരു കശവിനെ കൈകാര്യം ചെയ്യാനല്ല, ഭീകരതയെ മുളയിലേ നുള്ളിക്കളയണം. അതിന്നു വേരുപിടിച്ചു വളരാൻ സൗകര്യമുണ്ടാക്കരുത്. നിർദ്ദോഷികളെ ശിക്ഷിക്കരുത്. നീതിന്യായം നീതിപൂർവ്വമാകണം എന്നു വർമ്മ പറഞ്ഞു.

ഭീകരരെ നേരിടാനായി മുമ്പ് പാസാക്കിയ "പോട്ട", "ടാഡ", എന്നീ നിയമങ്ങൾ വരുത്തിത്തീർത്ത ഏറ്റവും വലിയ കെടുതി പൗരസ്വാതന്ത്ര്യ ധ്വംസനമായിരുന്നുവെന്ന് മുൻകേന്ദ്ര നിയമ മന്ത്രി റാം ജത്മലാനി പറയുന്നു. ഖേദകരമെന്നു പറയട്ടെ പാർലിമെന്റ് ഇപ്പോൾ പാസാക്കിയ നിയമങ്ങൾ പഴയ നിയമങ്ങളുടെ പുതിയ പതിപ്പുകൾ മാത്രമാണെന്നും അദ്ദേഹം പറഞ്ഞു. നിർദ്ദോഷികളെയാണ് ഈ നിയമങ്ങൾ പ്രകാരം പിടികൂടാറുള്ളത്. ഇത്തരക്കാരിൽ രണ്ടു ശതമാനം മാത്രമേ കോടതിയിൽ ശിക്ഷിക്കപ്പെടാറുള്ളൂവെന്നതുതന്നെ അതിന്നു തെളിവാണ്.

ദീർഘകാലം കസ്റ്റഡിയിൽ വയ്ക്കാൻ അനുമതി നൽകുന്ന വ്യവസ്ഥ ദുരുപയോഗപ്പെടുത്തുമെന്ന് പൊതുപ്രവർത്തകർ മാത്രമല്ല പോലീസുകാർ പോലും പറയുന്നുണ്ട്. അറസ്റ്റ് ചെയ്യപ്പെട്ടവരെ പീഡിപ്പിക്കുന്നത് സർവ്വസാധാരണമാണെന്ന് യു.പി. പോലീസ് ഇൻസ്പെക്ടർ ജനറലായി റിട്ടയർ ചെയ്ത എസ്.ആർ. ദാരാപുരി പറയുന്നു. ന്യൂനപക്ഷക്കാരോട് വിരോധം ➡



കവർസ്റ്റോറി

# കന്നഡ പത്രാധിപർക്ക് കയ്യാമം

**ചി**ത്ര ഗ്രൂപ്പിൽ പെട്ട പ്രസിദ്ധീകരണങ്ങളുടെ ചെയർമാനും ഡയറക്ടറുമായ ബി.വി. സീതാരാമനെ രണ്ടു കൊല്ലം പഴക്കമുള്ള ഒരു മാനനഷ്ട ക്കേസ് സംബന്ധിച്ച് കർണ്ണാടക പോലീസ് ജനുവരി അഞ്ചാം തിയ്യതി അറസ്റ്റ് ചെയ്ത് കയ്യാമം വച്ച് ഉടുപ്പിയിലെ കോടതിയിൽ ഹാജരാക്കി.

അക്രമികളായ ക്രിമിനൽ പുള്ളികളെയൊഴിച്ച് ആരേയും കയ്യാമംവച്ച് ഹാജരാക്കരുതെന്ന സുപ്രീം കോടതിയുടെ കല്പനക്ക് ബി.ജെ.പി. ഭരിക്കുന്ന കർണാടകത്തിൽ പ്രസക്തിയില്ലാതായിരിക്കുകയാണ്. ➡

വച്ചുപുലർത്തുന്ന പോലീസുകാർ ഏറെയുണ്ട്. കുറ്റം സമ്മതിക്കുന്നതുവരെ തല്ലുക എന്നതാണ് പൊതുവെയുള്ള രീതി. പോലീസ് കസ്റ്റഡി വർദ്ധിപ്പിക്കേണ്ട ഒരു കാര്യവുമില്ല. ഒരു കേസിൽ കൂടുതൽ അന്വേഷണം വേണമെന്നുതോന്നിയാൽ, അതിന്നു മതിയായ കാരണമുണ്ടെങ്കിൽ, കോടതി തന്നെ പ്രതിയെ വിട്ടുതരും. 30 ദിവസമെന്ന് ആദ്യമേ നിശ്ചയിച്ചാൽ ദണ്ഡനം അത്രയും കൂടമെന്നേയുള്ളൂ എന്ന് അദ്ദേഹം പറയുന്നു.

നിയമവിരുദ്ധമായ തടങ്ങൽ നിയമവിധേയമാക്കുക മാത്രമാണ് ഈ ഭേദഗതികൊണ്ടു ചെയ്യുന്നതെന്ന് പൊതുപ്രവർത്തകർ പറയുന്നു. ഇപ്പോൾതന്നെ പോലീസ് അറസ്റ്റ് രേഖപ്പെടുത്താതെ ദീർഘകാലം കസ്റ്റഡിയിൽ വയ്ക്കുന്നുണ്ട്. പാർലിമെന്റിനുനേരെ നടന്ന ആക്രമണം സംബന്ധിച്ച് അറസ്റ്റ് ചെയ്യപ്പെടുകയും നാലുകൊല്ലം ജയിലിലിട്ട ശേഷം കോടതി വിട്ടയക്കുകയും ചെയ്ത ദൽഹി യൂനിവേഴ്സിറ്റി ലെക്ച്ചറർ ആയ എസ്.എ.ആർ. ഗീലാനി സ്വാനുഭവം വിവരിക്കുന്നു. പ്രതിയെ എത്ര ദിവസം കസ്റ്റഡിയിൽ വയ്ക്കാമെന്നത് യഥാർത്ഥത്തിൽ ഒരു പ്രശ്നമല്ലെന്ന് ഗീലാനി പറയുന്നു. പ്രതിയുടെ മനുഷ്യാവകാശങ്ങൾ ലംഘിക്കാത്തപക്ഷം എത്ര ദിവസം കസ്റ്റഡിയിൽ വച്ചാലും അപകടമില്ല.

പോലീസിന്റെ കസ്റ്റഡിയിലിരിക്കെ ഓരോ 48 മണിക്കൂറിലും മെഡിക്കൽ പരിശോധന നടത്തണമെന്ന് നിയമമുണ്ട്. പക്ഷെ ഒരു കാര്യവുമില്ല. പോലീസുകാരൻ പ്രതിയേയുംകൊണ്ട് ആസ്പത്രിയിൽ ചെല്ലുന്നു. ഡോക്ടറെ വിളിച്ചുവരുത്തി സർട്ടിഫിക്കറ്റ് തരാൻ കല്പിക്കുന്നു. ഹൃദയമിടിപ്പ് സാധാരണ ഗതിയിൽ; പുറമേക്ക് കാണത്തക്ക പരുക്കൊന്നുമില്ല എന്നൊക്കെ എഴുതാൻ ഡോക്ടറോട് ആവശ്യപ്പെടുന്നു. മെഡിക്കൽ പരിശോധനകൊണ്ട് പിന്നെ എന്താണ് കാര്യമെന്ന് ഗീലാനി ചോദിക്കുന്നു.

രണ്ടു നിയമവും ലോകസഭ കയ്യടിച്ചാണ് പാസാക്കിയത്. രണ്ടിലും നിങ്ങൾക്ക് "പോട്ട"യുടെ പ്രേതത്തെ കാണാം. ഭീകരൻ എന്നതിന്റെ നിർവ്വചനം പോട്ടയിലും ഇതിലും ഒന്നുതന്നെയാണ്. നിയമം കുറെക്കൂടി കഠിനമാക്കേണ്ടതായിരുന്നു എന്നാണ് പ്രതിപക്ഷ നേതാവായ എൽ.കെ. അദ്വാനി പറഞ്ഞത്. ആരോ ഒരാൾ മനുഷ്യാവകാശത്തെപ്പറ്റി പറഞ്ഞപ്പോൾ, ഏതു നിയമവും ദുരുപയോഗപ്പെടുത്താമെന്നായിരുന്നു അദ്വാനിയുടെ മറുപടി. ശരിയാണ്; പക്ഷെ ദുരുപയോഗപ്പെടുത്താൻ മാത്രമുള്ളതാണ് പുതിയ നിയമങ്ങൾ. ❑

സീതാരാമനെ ജാമ്യത്തിൽവിടാൻ കോടതി കല്പിച്ചെങ്കിലും സീതാറാം ജാമ്യം നൽകാൻ തയ്യാറായില്ല. ജാമ്യം കെട്ടി മംഗലാപുരത്ത് തിരിച്ചെത്തിയാൽ പോലീസ് മറ്റേതെങ്കിലും കേസിന്റെ പേരിൽ അറസ്റ്റ് ചെയ്യുമെന്ന് അദ്ദേഹം കോടതിയെ ബോധിപ്പിച്ചു. തന്നെ മംഗലാപുരം ജയിലിലാക്കിയാൽ അവിടെയുള്ള ബജ്രംഗ ദളക്കാർ ദേഹോപദ്രവമേല്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. സീതാരാമനെ ജനുവരി 17 വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ വയ്ക്കാൻ മജിസ്ട്രേട്ട് കല്പന നൽകി.

നാലുലക്ഷം വായനക്കാരുള്ള കരവലി അലെ എന്ന ദിനപത്രമടക്കം ഒട്ടേറെ പ്രസിദ്ധീകരണങ്ങൾ ചിത്ര ഗ്രൂപ്പ് പ്രസിദ്ധീകരിക്കുന്നുണ്ട്. കരവലി അലെ യുടെ എഡിറ്റർ ഇൻ ചീഫാണ് സീതാരാമൻ.

ഡസൻ കണക്കിന് മാനനഷ്ടക്കേസുകൾ നിലവിലുണ്ടായിട്ടും സർക്കാരിന്നനുകൂലമായ പത്രങ്ങളേയോ പത്രാധിപന്മാരേയോ തൊടാത്ത സർക്കാരാണ് കരവലി അലെക്കെതിരായ രണ്ടു കൊല്ലത്തെ പഴക്കമുള്ള ഒരു കേസിന്റെ പേരിൽ ഈ പരാക്രമങ്ങൾ കാണിക്കുന്നത്.

ഈയിടെ മംഗലാപുരത്ത് ക്രിസ്ത്യൻ പള്ളികൾക്ക് നേരെ ബജ്രംഗ ദളക്കാർ നടത്തിയ ആക്രമണങ്ങളെ തുറന്നു കാണിക്കുകയും നിഷ്ക്രിയത്വം പാലിച്ച പോലീസിനെ വിമർശിക്കുകയും ചെയ്തതിന്നുള്ള പ്രതികാരമാണിതെന്ന് സീതാരാമൻ പറയുന്നു. അതിന്നും പുറമെ പ്രത്യേക സാമ്പത്തികമേഖലക്കായി കർഷകരുടെ ഭൂമി അക്വയർ ചെയ്യുന്നതിനേയും പത്രം എതിർത്തു വരികയായിരുന്നു.

കരവലി അലെ ക്കെതിരെ ഇതിന്നകംതന്നെ ഡസൻകണക്കിന് കേസുകൾ ചാർജ് ചെയ്തിട്ടുണ്ട്. പത്രത്തിന്റെ പ്രസ് പലതവണ തല്ലി തകർക്കുകയുണ്ടായി. പത്ര വിതരണക്കാരെ ബജ്രംഗദളക്കാർ പല തവണ ആക്രമിക്കുകയുണ്ടായി. സമുദായങ്ങൾക്കിടയിൽ വിദ്വേഷം വളർത്തി എന്ന കുറ്റത്തിന്ന് സീതാരാമനേയും ഭാര്യയേയും കഴിഞ്ഞ മാർച്ചിൽ അറസ്റ്റ് ചെയ്തിരുന്നു. പത്രവിതരണ ശൃംഖല നശിപ്പിക്കുക, പത്രവിതരണക്കാരെ ഉപദ്രവിക്കുക, പത്രക്കെട്ടു കത്തിക്കുക തുടങ്ങിയ വിക്രമങ്ങൾക്ക് കഴിഞ്ഞ നവമ്പറിന്നു ശേഷം പല തവണ പോലീസിൽ പരാതിപ്പെടുകയുണ്ടായി.

ബജ്രംഗദളക്കാരുടെ അതിക്രമങ്ങളെക്കുറിച്ച് പ്രസ്കൗൺസിൽ ഓഫ് ഇന്ത്യക്ക് പരാതി നൽകി. പ്രസ് കൗൺസിൽ അതിനെപ്പറ്റി അന്വേഷിച്ച് മംഗലാപുരം പോലീസ് സൂപ്രേണ്ടിന്നും പോലീസ് ഐജിക്കും കർണാടക പോലീസ് ഡയറക്ടർ ജനറലിന്നും എഴുതിയിരുന്നു. ഒരു ഫലവുമുണ്ടായില്ല.

പ്രസ് കൗൺസിൽ ചെയർമാനായ ജ: ജി.എസ്. റേ കഴിഞ്ഞ ഡിസംബറിൽ മുഖ്യമന്ത്രി യെഡ്യൂരപ്പക്കുതന്നെ എഴുതി. അതിന്നും പുറമെ കർണാടക ചീഫ് സെക്രട്ടറിക്കും ജ: റേ എഴുതിയിട്ടുണ്ട്.

എന്നാൽ സകല ആരോപണങ്ങളും ഗവർമ്മേണ്ട് നിഷേധിക്കുന്നു. "നിയമം അതിന്റെ വഴിക്ക്പോകും" എന്നാണ് ആഭ്യന്തര കാര്യമന്ത്രി ബി.വി. ആചാര്യ പറഞ്ഞത്. ❑



# മുംബായിൽ എന്താണുണ്ടായത്?

**- റാണ അയൂബ് -**

ജീവനോടെ പിടികൂടാൻ കഴിഞ്ഞ പാക് ഭീകരനായ കശവിന്റെ പ്രസ്താവനയുടേയും പോലീസ് നൽകുന്ന വിവരങ്ങളനുസരിച്ചും നവമ്പർ 26,27,28 തിയ്യതികളിൽ മുംബായിലുണ്ടായ സംഭവങ്ങളുടെ ഒരു വിവരണം:

ദീർഘകാലത്തെ പരിശീലനത്തിന്നും തയ്യാറെടുപ്പിന്നും ശേഷം പത്ത് പാക് ഭീകരന്മാർ നവമ്പർ 24ന്ന് കറാച്ചിക്കടുത്ത അസീസാബാദിൽനിന്ന് വലിയൊരു വള്ളത്തിൽ പുറപ്പെടുന്നു.

കറാച്ചിയിൽനിന്ന് ഏതാണ്ട് 200 കിലോമീറ്റർ ദൂരെ നിർത്തിയിരുന്ന അൽ ഹുസൈനി എന്ന പാക് കപ്പലിലേക്ക് പത്തുപേരും മാറികയറുന്നു. മുംബായ് തുറമുഖത്തുനിന്ന് അഞ്ചാറു കിലോമീറ്റർ ദൂരത്തെത്തിയപ്പോൾ കണ്ടെത്തിയ "കുബേർ" എന്ന മീൻ പിടുത്ത കപ്പൽ അവർ പിടികൂടി. പത്തുപേരും കുബേരിലേക്ക് മാറിക്കയറി. ക്യാപ്റ്റൻ സോലങ്കിയും നാലുസഹപ്രവർത്തകരുമാണ് മീൻപിടുത്ത കപ്പലിലുണ്ടായിരുന്നത്. സോലങ്കിയുടെ സഹപ്രവർത്തകരെയെല്ലാം അവർ കൊന്ന് കടലിൽ തള്ളി. മുംബായ് തീരത്തിന്നടുത്തെത്തിയപ്പോൾ അവർ സോലങ്കിയേയും കൊന്നു. കൊച്ചു റബ്ബർ ബോട്ടിൽ അവർ "ഗേറ്റ് വേ ഓഫ് ഇന്ത്യ"ക്കടുത്ത് കരക്കിറങ്ങി. അപ്പോൾ സമയം രാത്രി 8.30. കടൽപുറത്തുണ്ടായിരുന്നവരുടെ ചോദ്യങ്ങൾക്കൊന്നും അവർ മറുപടി നൽകിയില്ല.

ഭീകരന്മാർ രണ്ടുപേർ വീതമുള്ള ടീമുകളായി നഗരത്തിലേക്ക് നീങ്ങി. കശവ്, ഇസ്മായിൽ എന്നീ രണ്ടു ചെറുപ്പക്കാരടങ്ങിയ ടീം ഛത്രപതി ശിവജി ടെർമിനസ്സിലെത്തി. അവർ കൂസലില്ലാതെ പതിമൂന്നാം നമ്പർ പ്ലാറ്റ്ഫോമിൽ കയറി. കലാഷ്നിക്കോവ്, എ.കെ. 47 തുടങ്ങിയ ഭീകരായുധങ്ങളുമായി അവർ ഇടംവലം നോക്കാതെ വെടിയുയർത്താൻ തുടങ്ങി. അതിനിടയിൽ റെയിൽവെസ്റ്റേഷനിൽ ഒരു കൈബോംബ് എറിഞ്ഞു. പരിഭ്രാന്തരായ യാത്രക്കാർ അങ്ങുമിങ്ങും ഓടി രക്ഷപ്പെടാൻ ശ്രമിച്ചു.

റെയിൽവേക്ക് സ്വന്തം പോലീസുകാരുണ്ടെന്നാണ് വയ്പ്. രണ്ടുകൊല്ലം മുമ്പ് തീവണ്ടിയിലുണ്ടായ സ്ഫോടനത്തെത്തുടർന്ന് രക്ഷാനടപടികൾ ശക്തിപ്പെടുത്തിയിട്ടുണ്ടെന്നാണ് വയ്പ്. പക്ഷെ ഭീകരന്മാരുടെ ഈ പരാക്രമവേളയിൽ ഒരു പോലീസുകാരൻ പോലും രംഗത്തുണ്ടായിരുന്നില്ല.

രാത്രി ജോലിക്കെത്തിയ രാജേന്ദ്ര സദാശിവൻ എന്ന പോലീസുകാരൻ ഇതിന്നൊരു വിശദീകരണം നൽകുന്നുണ്ട്. കൂസലില്ലാതെ കയറിവരുന്ന ഭീകരന്മാരെ കണ്ടപ്പോൾ പട്ടാളക്കാരാണ് അവരെന്ന് എല്ലാവരും തെറ്റിദ്ധരിച്ചു. ഇവർ വെടിവെപ്പാരംഭിച്ചപ്പോൾ അധോലോക ഗുണ്ടകൾ തമ്മിലുള്ള സംഘട്ടനമാണെന്ന് എല്ലാവരും കരുതി. രാജേന്ദ്ര സദാശിവന്റെ മേധാവിയായ ഇൻസ്പെക്ടർ ഷിൻഡേ തന്റെ തോക്കെടുത്ത് വെടിവച്ചുവെങ്കിലും ഉന്നം പിഴച്ചു. എന്നാൽ ഭീകരന്മാരുടെ ഉന്നം പിഴച്ചില്ല. അവർ തിരിച്ച് വെടിവച്ചപ്പോൾ ഷിൻഡേ വീണു. കൂട്ടത്തിൽ സദാശിവനും വീണുവെങ്കിലും കാര്യമായ പരിക്കേറ്റില്ല.

റെയിൽവേസ്റ്റേഷനിൽ നാൽപതിൽപരം പേരെ വെടിവച്ചുകൊന്ന ശേഷം ഭീകരന്മാർ രണ്ടുപേരും പുറത്തിറങ്ങി. അവർ ടൈംസ് ഓഫ് ഇന്ത്യ കെട്ടിടത്തിന്റെ മുന്നിലൂടെ കാമ

ആസ്പത്രിയിലെത്തി. അവിടത്തെ ഗാർഡുമാരെ രണ്ടുപേരേയും ഭീകരൻ വെടിവച്ചുകൊന്നു. ആസ്പത്രിയിൽ അവർ കയറിയെങ്കിലും അവിടെ അധികവും സ്ത്രീകളും കുട്ടികളുമായിരുന്നു.

ഇതിന്നിടയിൽ ആരോ ഒരാൾ പോലീസ് വരുന്ന വിവരം ഇവർക്ക് മൊബൈലിൽ നൽകി. അതോടെ അവർ കെട്ടിടത്തിൽനിന്ന് ഓടിയിറങ്ങി. ഭീകര വിരുദ്ധ സേനയുടെ തലവനായ കാർക്കരെ, അസിസ്റ്റന്റ് പോലീസ് കമ്മീഷണർ അശോക് കാംതെ സംഘട്ടന വിദഗ്ധനായ വിജയ് സലാസ്കർ എന്നിവരാണ് കാറിൽ ഉണ്ടായിരുന്നത്. മൂന്നുപേർക്കും സ്വന്തം തോക്കെടുക്കാൻ കഴിയുന്നതിന്നു മുമ്പ് ഭീകരരുടെ വെടിവർഷമേറ്റു.

പോലീസ് ഉദ്യോഗസ്ഥന്മാരെ കാറിൽനിന്ന് വലിച്ച് റോഡിലിട്ടശേഷം ഭീകരർ കാറും കൊണ്ടു പുറപ്പെട്ടു. ഇടക്കുവച്ച് കാറിന്റെ ടയർ പൊളിഞ്ഞു. ഭീകരരാകട്ടെ ഒരു കൂസലുമില്ലാതെ മുന്നോട്ടുപോയി. ഇടക്ക് മറ്റൊരു കാർ റാഞ്ചി. അതിലുണ്ടായിരുന്നവർ പേടിച്ച് പുറത്തുചാടി. ഭാഗ്യംകൊണ്ട് അവർക്ക് ജീവൻ കിട്ടി. ഭീകരർ കാറുമായി രക്ഷപ്പെട്ടു. ഇതിന്നകം ഒരു പോലീസ് സബ്ബിൻസ്പെക്ടറായ ഭേദ്കർ ഭീകരരെ പിൻതുടരുന്നുണ്ടായിരുന്നു. ഭീകരർ റാഞ്ചിയ കാറിന്റെ നമ്പർ മനസ്സിലാക്കിയ അദ്ദേഹം അത് പോലീസിനെ അറിയിച്ചു.

ഭീകരരെ ചൗപ്പാത്തിയിൽവച്ച് തടയാൻ ശ്രമിച്ചപ്പോൾ, കാറോടിച്ചിരുന്ന ഇസ്മേയിൽ ഒരു U ടേൺ എടുക്കാൻ ശ്രമിച്ചു. കാർ മീഡിയനിൽ ചെന്നു കയറി. ഇത് പോലീസിന്ന് അവസരം നൽകി. ഭീകരന്മാരുടെ AK47നും പോലീസിന്റെ പഴഞ്ചൻ പോലീസു തോക്കും പരസ്പരം വെടിയുതിർത്തു. ഒരു പോലീസുകാരൻ കൊല്ലപ്പെട്ടുവെങ്കിലും അതോടെ ഭീകരൻ ഇസ്മേയിലും കൊല്ലപ്പെട്ടു. കശവും കൊല്ലപ്പെട്ടുവെന്നാണ് കരുതിയത്. പക്ഷെ ആസ്പത്രിയിൽ എത്തിയപ്പോൾ അയാൾ മരിച്ചിട്ടില്ലെന്ന് ബോധ്യമായി.

ബോട്ടിൽനിന്നിറങ്ങിയവരിൽ മറ്റുരണ്ടുപേർ നേരിട്ട് ലിയോപോൾഡ് കഫേയിലാണ് എത്തിയത്. തദ്ദേശ ടൂറിസ്റ്റുകൾക്കും വിദേശ ടൂറിസ്റ്റുകൾക്കും പ്രിയംകരമായ ഒരു കേന്ദ്രമാണത്. വെയ്റ്റർമാർ അവരെ ക്ഷണിച്ചു. ഒന്നു തലയാട്ടിയശേഷം ഭീകരന്മാർ കണ്ടമാനം വെടിവെക്കാൻ തുടങ്ങി. അവിടെനിന്നിറങ്ങിയശേഷം അവർ തൊട്ടടുത്തുള്ള ടാജ് ഹോട്ടലിലേക്ക് നീങ്ങി. ഇതിന്നകം വേറെ രണ്ടു ഭീകരന്മാർ താജിൽ വെടിയാരംഭിച്ചിരുന്നു.

മറ്റു രണ്ടു ഭീകരന്മാർ കൊളാബ കോസ് വേയിലെ ഭാരത് പെട്രോളിയം ഗ്യാസ് സ്റ്റേഷനു നേരെ ഒരു ബോംബെറിഞ്ഞു. ഇസ്രായേലിന്റെ ഉടമസ്ഥതയിലുള്ള നരിമാൻ ഹൗസിന്ന് തൊട്ടടുത്താണിത്. സാധാരണക്കാർക്ക് വഴിമനസ്സിലാക്കാൻ പ്രയാസമുള്ള ഒരു പ്രദേശമാണിത്. എന്നാൽ ഭീകരന്മാർ സ്വദേശത്തെന്നപോലെ നിഷ്പ്രയാസം നടന്നുപോയി.

ഭീകരന്മാർ മുൻകൂട്ടിവന്ന് വഴികളും സ്ഥലങ്ങളുമെല്ലാം പരിചയപ്പെട്ടിരുന്നുവെന്നു വ്യക്തം. നാനൂറോളം മുറികളുള്ള താജ് ഹോട്ടലിൽ പ്രവേശിക്കാനും പുറത്തുകടക്കാനും എളുപ്പത്തിലൊന്നും സാധ്യമല്ല. എന്നാൽ ഭീകരന്മാർ സുപരിചിതരായ ആളുകളെപ്പോലെയാണ് പെരുമാറിയത്.

ബോംബെ സ്ഫോടനം കേട്ടയുടനെ നരിമാൻ ഹൗസിലുള്ളവർ പോലീസിനെ വിളിച്ചുവെങ്കിലും പോലീസ് എത്തുന്നതിന്നുമുമ്പ് ഭീകരന്മാർ നരിമാൻ ഹൗസിൽ പ്രവേശിച്ചിരുന്നു. അവിടെയുണ്ടായിരുന്ന ഒമ്പത് ഇസ്രേലികളേയും ഭീകരന്മാർ ഒന്നൊന്നായി കൊന്നു.

➡



# ആരാണീ കശവ്?

മുംബായിൽ നവമ്പർ 26ന്ന് നടന്ന ഭീകരാക്രമണത്തിൽ പത്തുപേർ പങ്കെടുത്തിരുന്നുവെന്നാണ് ജീവനോടെ പിടികൂടിയ ഭീകരനായ കശവ് പറയുന്നത്.

കശവിനെ ഇതിന്നകം ഒരുപാട് പേർ ചോദ്യം ചെയ്തുകഴിഞ്ഞു. ഭീകരവിരുദ്ധ സേനയിൽ പെട്ടവർ, അമേരിക്കൻ-ബ്രിട്ടീഷ് രഹസ്യ പോലീസുകാർ തുടങ്ങിയവരെല്ലാം ഇതിൽപെടുന്നു. അതായത് ഇന്ത്യക്കാർ മാത്രമല്ലെന്നർത്ഥം.

ഭീകരാക്രമണത്തിൽ പങ്കെടുത്ത പത്തുപേരും പാക്കിസ്താനികളാണെന്ന് കശവ് പറയുന്നു. എല്ലാ വിവരങ്ങളും അധികൃതർ പുറത്തു വിട്ടിട്ടില്ല. കശവിന്റെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ബ്രിട്ടീഷ്-അമേരിക്കൻ രഹസ്യാന്വേഷണ ഏജൻസികൾ മാത്രമല്ല വിദേശ പത്രങ്ങളും അന്വേഷണം നടത്തുകയുണ്ടായി.

താൻ ഫരീദക്കോട്ടുകാരനാണെന്ന് കശവ് പറയുന്നു. ഏതാണീ ഫരീദക്കോട്. ഇന്ത്യയിലൊന്നും പാക്കിസ്താനിൽ മൂന്നുമടക്കം നാലു ഫരീദാക്കോ

➡

അതേസമയം മറ്റു രണ്ടു ഭീകരന്മാർ ഹോട്ടൽ താജിലെത്തി. അവർ മുൻവാതിൽ വഴിയാണ് അകത്ത് കടന്നത്. അതേ സമയം ലിയോപോൾഡിലെ പരാക്രമം കഴിഞ്ഞ് പുറത്തിറങ്ങിയ രണ്ടു ഭീകരന്മാർ താജ് ഹോട്ടലിന്റെ ഒരു ഭാഗത്തുള്ള വഴിയിലൂടെ അകത്ത് കയറി. നാലു ഭീകരന്മാരും കണ്ണിൽ കണ്ടവരെയെല്ലാം വെടിവച്ചു വീഴ്ത്തിക്കൊണ്ടിരുന്നു. അവർ നാലുപേർ 565 മുറികളുള്ള പടുകൂറ്റൻ ഹോട്ടൽ ഒന്നാകെ കയ്യടക്കി. അതിഥികൾ ഒന്നുകിൽ ജീവനും കൊണ്ടോടി, മുറികൾക്കകത്തുണ്ടായിരുന്നവർ വാതിലടച്ച് തഴുതിട്ട് അകത്തിരുന്നു.

അതേസമയം ഭീകരരിൽ രണ്ടുപേർ ഒബറോയ് ഹോട്ടലിൽ കയറി. മുൻഭാഗത്തെ ഡസ്കിൽ ഇരുന്നിരുന്നവരെ വെടിവച്ച് വീഴ്ത്തിയശേഷം ഇടതുഭാഗത്തെ റെസ്റ്റോറന്റിൽ ചെന്ന് കണ്ടവരെയെല്ലാം വെടിവച്ചു. പതിനേഴ് പേരെ ബന്ദികളാക്കിയശേഷം ഒരു ജീവനക്കാരനോട് ഹോട്ടലിന്ന് തീ വയ്ക്കാൻ കല്പിച്ചു. അതിന്നുശേഷം പതിനേഴുപേരേയും 20-ാം നിലയിലേക്ക് ആട്ടിത്തെളിച്ചുകൊണ്ടുപോയി. എല്ലാവരേയും ഒരു ചുമരിനോട് ചേർത്തുനിർത്തി. ഭീകരന്മാർ രണ്ടുഭാഗത്തുംനിന്ന് എല്ലാവരേയും വെടിവച്ചുകൊന്നു.

നാഷനൽ സെക്യൂരിറ്റി ഗാർഡിൽ പെട്ട സുനിൽകുമാറാണ് ഭീകരന്മാരെ ആദ്യമായി നേരിട്ടത്. 271-ാം നമ്പർ മുറിക്കകത്തുനിന്ന് ചില ശബ്ദങ്ങൾ കേട്ടപ്പോൾ സുനിൽകുമാർ വാതിൽക്കൽ മുട്ടിവിളിച്ചു. ഒരാൾ വാതിൽ തുറക്കുകയും രണ്ട് ഉണ്ടയുതിർക്കുകയും വാതിലടക്കുകയും ഒരുമിച്ചു കഴിഞ്ഞു. സുനിൽ കുമാറിന്റെ കൂടെയുണ്ടായിരുന്ന മേജർ സന്ദീപിന്ന് സുനിൽകുമാറിനേയും എടുത്ത് പുറത്തേക്കോടേണ്ടി വന്നു. പക്ഷെ അദ്ദേഹവും വെടിയേറ്റു വീണു.

ടാജ് ഹോട്ടലിൽ നാലുഭീകരരും ഒബറോയിയിൽ രണ്ടുപേരും നരിമാൻ ഹൗസിൽ രണ്ടുപേരും അങ്ങനെ എട്ടു ഭീകരന്മാർ – ആരും രക്ഷപ്പെടാൻ ശ്രമിച്ചില്ല. എല്ലാവരും കൊല്ലാനും ചാവാനും തയ്യാറെടുത്തു വന്നിരിക്കുകയായിരുന്നു. അതിനാൽ നാഷനൽ സെക്യൂരിറ്റി കമാൻഡോകൾക്ക് ഇവരെ കൊന്നൊടുക്കാൻ സമയമേറെ വേണ്ടി വന്നു. ❑

ട്ടുകളെങ്കിലും ഉണ്ട്. കശവ് നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പത്രക്കാർ കശവിന്റെ ജന്മദേശത്ത് ചെന്നപ്പോഴേക്കും അവിടം പാക് രഹസ്യാന്വേഷണക്കാരെക്കൊണ്ട് നിറഞ്ഞിരുന്നു. ബ്രിട്ടീഷ്-അമേരിക്കൻ രഹസ്യാന്വേഷണ ഏജൻസിക്കാരുടെ അനേകം മടങ്ങായിരുന്നു പാക് രഹസ്യാന്വേഷണ ഏജൻസിക്കാരുടെ എണ്ണം. അതിന്നും പുറമെ അവിടത്തെ പള്ളിയിലെ ഉച്ചഭാഷിണിയിൽനിന്ന് ജനങ്ങളാരും പത്രക്കാരോട് സംസാരിക്കരുതെന്ന ഭീഷണി മുഴങ്ങിക്കൊണ്ടിരുന്നു.

പക്ഷെ ജനങ്ങൾ പത്രക്കാരോട് സംസാരിക്കുകതന്നെ ചെയ്തു. അന്നാട്ടിലെ ഒരു ദരിദ്രന്റെ മകനാണ് കശവ്. പലഹാരങ്ങളുണ്ടാക്കി വിറ്റാണ് ആ പാവം ഉപജീവനമാർഗ്ഗം കണ്ടെത്തുന്നത്. കശവ് നാലാം ക്ലാസ് വരെ മാത്രമേ പഠിച്ചിട്ടുള്ളൂ. ദാരിദ്ര്യംമൂലം പഠിപ്പു നിർത്തി. നാലഞ്ചു കൊല്ലം മുമ്പുവരെ അയാൾ ഗ്രാമത്തിൽ കറങ്ങി നടന്നിരുന്നു. ഒരു ദിവസം കശവിനെ കാണാതായി. പ്രത്യേകിച്ചാരും അന്വേഷിക്കാനൊന്നും പോയില്ല.

പാക്കിസ്ഥാനിലെ ഗ്രാമങ്ങളിൽനിന്ന് ചെറുപ്പക്കാർ അപ്രത്യക്ഷരാകുന്നത് സാധാരണയാണ്. ഒന്നുകിൽ അഫ്ഘാനിസ്ഥാനിൽ അമേരിക്കൻ പട്ടാളത്തെ നേരിടാൻ റിക്രൂട്ട് ചെയ്യപ്പെട്ടതാകും. അല്ലെങ്കിൽ കാശ്മീരിൽ പോരാടാൻ പോയതായിരിക്കും. കശവിന്റെ കഥയും അതുതന്നെയാകുമെന്നേ ജനങ്ങൾ കരുതിയുള്ളൂ. നവമ്പർ 26-ാം തിയ്യതി ടെലിവിഷനിൽ കശവിന്റെ ചിത്രം കണ്ടപ്പോഴാണ് ജനങ്ങൾ കശവിനെപ്പറ്റി പിന്നെ ചിന്തിച്ചത്.

ഇപ്പോൾ കശവ് മാത്രമല്ല അഛനമ്മമാരടക്കമുള്ള ബന്ധുക്കളും അപ്രത്യക്ഷമായിരിക്കുന്നു. അവരെവിടെ പോയി? പാക് ഉദ്യോഗസ്ഥന്മാർ



ജീവനോടെ പിടികൂടിയ
ഭീകരനായ കശവ്

അവരെ ഒരജ്ഞാത കേന്ദ്രത്തിൽ ഒളിപ്പിച്ചിരിക്കുകയാണെന്ന് നാട്ടുകാർ പറയുന്നു.

ഭീകരന്മാർ മുംബായിൽ ആക്രമണം നടത്തുക മാത്രമല്ല ഉണ്ടായത്. പോകുന്ന പോക്കിൽ പലേടത്തും ബോംബ് നിക്ഷേപിക്കുകയുമുണ്ടായി. ഒട്ടേറെ സ്ഥലങ്ങളിൽ സ്ഫോടനമുണ്ടായാൽ നഗരവാസികളാകെ പരിഭ്രാന്തരാകുമെന്നതായിരുന്നു ഇതിന്റെ പിന്നിലെ ബുദ്ധി. പത്തു ആർ.ഡി.എക്സ് ബോംബുകൾ തങ്ങൾ കൊണ്ടുവന്നിരുന്നതായി കശവ് പറയുന്നുണ്ട്. പക്ഷെ ഇതിൽ പലതും പൊട്ടിയില്ല.

കശവ് പറഞ്ഞത് ശരിയെങ്കിൽ മുംബായിൽ വന്നിറങ്ങിയ ഭീകരന്മാർ ഇവരാണ്–

1. കശവ് – പാക്കിസ്താനിലെ ഫരീദ് കോട്ടുകാരൻ.
2. ഇസ്മായിൽ ഖാൻ – പാക് പഞ്ചാബിലെ ദേരയിൽ നിന്നുള്ള ചെറുപ്പക്കാരൻ.
3. ഇമ്രാൻ ബാബർ – പാക് പഞ്ചാബിലെ മുൾട്ടാനിൽ നിന്നുള്ള യുവാവ്; നരിമാൻ ഹൗസിൽവച്ച് വെടിയേറ്റു മരിച്ചു.
4. ജവേദ് എന്ന അബു അലി – പാക് പഞ്ചാബിലെ ഒകര എന്ന സ്ഥലത്തുനിന്നുള്ള യുവാവ്.
5. ഉമർ നസീർ – ഫൈസലാബാദുകാരൻ; താജ് ഹോട്ടലിൽ കയറിയവരിലൊരാൾ.
6. ഷോയിബ് – പാക്കിസ്താനിലെ സിയാൽ കോട്ട് മേഖലയിലെ നരോവൽ കാരൻ – ഇയാളും താജ് ഹോട്ടൽ ആക്രമിച്ചവരിലൊരാളാണ്.
7. ഹഫീസ് അർഷാദ് – മുൾട്ടാൻകാരൻ; താജ് ഹോട്ടൽ ആക്രമിച്ചവരിലൊരാൾ.
8. അബ്ദുൾ റഹ്മാൻ – (അബ്ദുൾ റഹ്മാൻ ഛോട്ട എന്നു പറയും)– മുൾട്ടാൻ കാരൻ ഒബറോയ് ഹോട്ടൽ ആക്രമിച്ചവരിലൊരാൾ.
9. ഫഹറുള്ള (അബു ഫഹദ് എന്നും പറയും) – ബിപൽ പൂർ താലൂക്കുകാരൻ – ഒബറോയ് ഹോട്ടൽ ആക്രമിച്ചവരിലൊരാൾ.
10. നസീർ – ഫൈസലാബാദുകാരൻ – നരിമാൻ ഹൗസ് ആക്രമിച്ചവരിലൊരാൾ.

ദാരിദ്ര്യം കാരണം പഠിപ്പുനിർത്തിയ കസബ് കുറെ കാലം കൂലിപ്പണിക്കാരനായി കുടുംബത്തെ സഹായിച്ചുകൊണ്ടിരുന്നു. ഇക്കാലത്ത് ഇയാൾ ചില ചില്ലറ മോഷണക്കേസുകളിൽ പെടുകയുണ്ടായി. അങ്ങനെയിരിക്കെ ഇയാൾ ലാഷ്കർ ഇതൈബ എന്ന തീവ്രവാദി സംഘടനയിൽ പെട്ടവരുമായി ബന്ധപ്പെട്ടു. ജിഹാദിന്നു തയ്യാറായാൽ പണം നൽകാമെന്ന് അവർ ഏറ്റു.

ആകെ 24 പേരടങ്ങിയ ഒരു സംഘത്തിന്നാണ് ലാഷ്കർ പരിശീലനം നൽകിയത്. പാക്കിസ്താനിലെ മുസാഫറാബാദിനടുത്ത മൻസേരയിലെ പരിശീലന കേന്ദ്രത്തിൽ രണ്ടുകൊല്ലം പരിശീലനം നൽകി. പാക് അധീന കാശ്മീരിലെ വിവിധ കേന്ദ്രങ്ങളിലും പരിശീലനം നൽകുകയുണ്ടായി. പരിശീലനം കഠിനമായിരുന്നു. മുഷ്ഠിയുദ്ധം വരെ പഠിപ്പിച്ചു. എങ്ങനെ ആളുകളെ തടങ്ങലിൽ പിടിക്കാം, സ്ഫോടകവസ്തുക്കളും വിവിധതരം തോക്കുകളും എങ്ങനെ കൈകാര്യം ചെയ്യാം. കടൽ യാത്രക്ക് ദിശാബോധം ലഭിക്കുന്നതെങ്ങനെ എന്നൊക്കെ പഠിപ്പിക്കുകയുണ്ടായി. തങ്ങൾക്ക് പരിശീലനം നൽകിയവരുടെ പേർ വിവരങ്ങളും കശവ് വെളിപ്പെടുത്തിയിട്ടുണ്ട്. ഇവരിൽ നിന്ന് പിടികിട്ടിയ കൈബോംബുകളെല്ലാം പാക്ക് ആയുധ നിർമ്മാണശാലകളിൽ ഉണ്ടാക്കിയവയാണ്. ഈ ബോംബുകളിലെല്ലാം ARGES എന്ന് വലിയ അക്ഷരത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു ജർമ്മൻ കമ്പനിയായ RHEINNETAL WAFFE MUNITION എന്ന സ്ഥാപനമാണ് ഇത്തരം കൈബോംബുകൾ ആദ്യം നിർമ്മിച്ചത്. ഇവരുടെ ആസ്ത്രിയായിലെ സബ്സീഡിയറി കമ്പനിയുമായി പാക് പട്ടാളം കരാർ ചെയ്യുകയും കൈബോംബുണ്ടാക്കാൻ ലൈസൻസ് വാങ്ങുകയും ചെയ്തു. നിർമ്മിക്കുന്ന ബോംബുകളിലെല്ലാം ARGES എന്ന് വലിയ അക്ഷരത്തിൽ രേഖപ്പെടുത്തണമെന്നാണ് കരാറിലെ ഒരു വ്യവസ്ഥ. 1993 ൽ മുംബായ് നഗരത്തിൽ ഉപയോഗിച്ചതും ഇത്തരം കൈബോംബുകളായിരുന്നു. ❑

# മതഭ്രാന്തന്മാർക്കിടയിൽ അല്പം വിവേകശാലികൾ

**- നമ്രത ജോഷി -**

കിഴക്കൻ യു.പി.യിലെ ജോൺപൂർ ജില്ല. അവിടത്തെ ജലാൽപൂരിലെ റോഡുകൾ വീതി കുറഞ്ഞവയാണ്. ഞങ്ങൾ അവിടത്തെ അൻവാരുൾ ഇസ്ലാം സൽഫിയ എന്ന മദ്രസയിൽ എത്തിയപ്പോഴേക്കും സമയം 12.45 ആയി. മുസ്ലീമുകളുടെ നമസ്സിനുള്ള സമയമടുത്തു. കുട്ടികൾ ഓടി പുറത്തിറങ്ങി ടാപ്പുകൾക്കു ചുറ്റും നിന്ന് കയ്യും കാലും കഴുകി. ഒരു മദ്രസയെക്കുറിച്ചുള്ള പൊതുവായ ധാരണ ശരിവയ്ക്കുന്നതായിരുന്നു അവിടത്തെ സ്ഥിതി - ഇസ്ലാം, ഉർദു, അറബി എന്നിവയൊക്കെ പഠിപ്പിക്കുന്നുണ്ട്. പക്ഷെ അവിടെ അതുമാത്രമല്ല കണ്ടത്. സംസ്കൃതവും പഠിപ്പിക്കുന്നു.

ഏഴാം ക്ലാസ് ഇനിയും ചെത്തിതേച്ചിട്ടില്ല. അവിടെ 12 വയസ്സുള്ള നദീമാ ബാനോവും ഹിഷാമുദ്ദീനും ഒരു സംസ്കൃത ശ്ലോകം ചൊല്ലുകയാണ്. എല്ലായിടത്തും സംസ്കൃത പഠനം നിർത്തിക്കൊണ്ടിരിക്കെ ഇവിടത്തെ മദ്രസകളിൽ സംസ്കൃതം പഠിപ്പിക്കുന്നുവെന്നത് ഒരു വിരോധാഭാസമാണെന്ന് അധ്യാപകനായ രവീന്ദ്രകുമാർ മിശ്ര പറഞ്ഞു.

ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. അംബേദ്കർ നഗർ ജില്ലയിലെ അനീസിയ ഇസ്ലാമിയ മദ്രസയിലും ഇതുതന്നെയാണ് സ്ഥിതി. സ്ഥലം കഷ്ടിയാണ്. രണ്ടാം ക്ലാസ് മുതൽ 5-ാം ക്ലാസ് വരെ ഒറ്റ ഷെഡ്ഡിലാണ് നടത്തുന്നത്. മൂന്നാം ക്ലാസിൽ സംസ്കൃതാധ്യാപകനായ സിറാജുദ്ദീനാണ്. പഠിപ്പിക്കുന്നത്. താൻ പഠിക്കുന്ന കാലത്ത് തന്റെ ഇഷ്ടപ്പെട്ട വിഷയമായിരുന്നു സംസ്കൃതമെന്ന് അദ്ദേഹം പറഞ്ഞു.

മുസ്ലീമുകളായ വിദ്യാർത്ഥികൾ സംസ്കൃതം പഠിക്കുന്ന കഥമാത്രമല്ല ഇത്. ഒരു ബ്രാഹ്മണനായ രവി പ്രകാശ് പാണ്ഡെ ഒന്നാം ക്ലാസ് മുതൽ ഖുറാൻ പഠിച്ചു വരുന്നുണ്ട്. ഒരു സംസ്കൃത പ്രൊഫസറുടെ മകൻ കൂടിയാണിയാൾ അസീസിയ ഇസ്ലാമീയ മദ്രസയിലെ ഒരു പൂർവ്വ വിദ്യാർത്ഥിയായ ഈ പ്രൊഫസർക്കിപ്പോൾ ഖുറാൻ മന:പ്പാഠമാണ്. പോരെങ്കിൽ വീട്ടിൽ നിത്യപാരായണത്തിന്നും ഉപയോഗിക്കുന്നു.

ഞങ്ങൾ ആദ്യം പോയ സാൽഫിയ മദ്രസയിൽ രണ്ടു പെൺകുട്ടികൾ - 14 വയസ്സുള്ള ആരതി കുമാരിയും അനിതാകുമാരിയും- പ്രവാചകനെക്കുറിച്ച് ഒരു ലേഖനം എഴുതുന്നതുകണ്ടു. ഉർദു എഴുതാനോ വായിക്കാനോ മനസ്സിലാക്കാനോ അവർക്കൊരു വിഷമവുമില്ല എന്നാണ് അധ്യാപകനായ കൈസർ ജഹാൻ ഞങ്ങളോട് പറഞ്ഞത്.

അസംഗഡ് ജില്ലയിലെ മാണ്ഡേയിലുള്ള അറബിയ സിയ ഉലും മദ്രസയിൽ മജ്ജുകുമാരി, രജ്ജുകുമാരി എന്നീ സഹോദരിമാർ ഒന്നാം ക്ലാസ് മുതൽതന്നെ ഉർദു പഠിക്കുന്നുണ്ട്. അപ്പുറത്ത് പ്രശാന്ത്കുമാർ ഉർദു അക്കങ്ങളും പഠിപ്പിക്കുന്നത് കണ്ടു.

സംസ്കൃതത്തിന്നും ഉർദുവിന്നും പൊതുവായി പലതുമുണ്ടെന്ന് അധ്യാപകർ പറഞ്ഞു. ഇരുഭാഷകളുടേയും വ്യാകരണം സങ്കീർണവും വിപുലവുമാണ്. ഭാഷകൾക്കും മതത്തിന്നും തമ്മിൽ ഒരു ബന്ധവുമില്ലെന്ന് അഖിലേന്ത്യാ യൂനിവേഴ്സിറ്റി യൂണിയന്റെ പ്രസ്ഡണ്ട് കൂടിയായ ജോൺപൂർ കാരൻ വ്രജേശ് കുമാർ യദുവംശി പറയുന്നു. ഉർദു മുസ്ലീമുകളുടെ ഭാഷയല്ല; സംസ്കൃതം ഹിന്ദുക്കളുടേതുമല്ല എന്നാണദ്ദേഹം പറഞ്ഞത്.

എന്നാൽ ദീർഘകാലമായി നിത്യോപയോഗത്തിലില്ലാത്ത സംസ്കൃതത്തോട് കാണുന്ന ഈ താല്പര്യം ദൂരൂഹമാണ്. കുട്ടികൾക്ക് ഉദ്യോഗം കിട്ടാൻ വേണ്ടിയുള്ളതല്ല ഇത്. മാനവികതയെപ്പറ്റി മഹത്തായ ചിന്താസരണികളെപ്പറ്റി, യഥാർത്ഥ ജീവിത രീതിയെപ്പറ്റി, തെറ്റും ശരിയും തിരിച്ചറിയുന്നതിനുള്ള ശേഷിയെപ്പറ്റി പഠിപ്പിക്കലാണ് ഉദ്ദേശമെന്ന് സൽഫി മദ്രസയിലെ ഖാരി ജലാലുദ്ദീൻ പറഞ്ഞു. സൽഫിയയിൽ ഒമ്പതാം ക്ലാസ് വരെ സംസ്കൃതം പഠിപ്പിക്കുന്നുണ്ട്. അഞ്ചാം ക്ലാസുവരെ ഉർദു നിർബന്ധമാണ്. അഞ്ചാം ക്ലാസിന്നപ്പുറം ഉർദു പഠിക്കണമോ എന്ന് നിശ്ചയിക്കേണ്ടത് ഹിന്ദുക്കളായ വിദ്യാർത്ഥികൾ തന്നെയാണ്.

ജോൺപൂർ ജില്ലയിൽ കാണുന്ന ഈ ഉർദു-സംസ്കൃത സഹവർത്തനം നഗരത്തിന്റെ പുരോഗമനാത്മകമായ സുഫി ഭൂതകാലത്തിന്റെ ഒരു തുടർച്ചയാണ്. മധ്യകാലഘട്ടത്തിൽ ജോൺപൂർ ഒരു വിദ്യാഭ്യാസ കേന്ദ്രമായിരുന്നു. ഇവിടെ ഒരൊറ്റ ഹിന്ദു-മുസ്ലീം കലാപം പോലും ഉണ്ടായിട്ടില്ല. ജോൺപൂർ മതഐക്യത്തിന്റെ ഒരു പ്രതീകമാണ്. സൽഫിയ മദ്രസകൾക്കുള്ള സ്ഥലം 1987 ൽ ഒരു ബ്രാഹ്മണ കുടുംബത്തിൽ നിന്നാണ് വാങ്ങിയത്.

ഈയിടെ ഭീകര പ്രവർത്തനവുമായി ചീത്തപ്പേരുണ്ടാക്കിയ പ്രദേശമാണ് അസംഗഡ്. പക്ഷെ ഇവിടത്തെ മദ്രസകളും ഐക്യത്തിന്റെ പ്രതീകങ്ങളാണ്. രാഹുൽ സാംകൃത്യായൻ, മൗലാന ഷിബ്ലി, ഫിറാഖ് ഗൊരഖ്പുരി എന്നിവർക്ക് ജന്മം നൽകിയ നാടാണിതെന്ന് പ്രൊ. സഞ്ജയ ശ്രീവാസ്തവ അഭിമാനപൂർവ്വം പറയുന്നു. അസംഗഡ് ഒരു സാഹിത്യ-സാംസ്കാരിക കേന്ദ്രമാണ്. ഈ ഭീകരാരോപണം ജനങ്ങളെ നാണംകെടുത്തിയിരിക്കുകയാണ് എന്ന് അദ്ദേഹം പറഞ്ഞു.

ഞങ്ങൾ സന്ദർശിച്ച മദ്രസകളിലെ വിദ്യാർത്ഥികളിൽ നല്ലൊരു വിഭാഗം ഹിന്ദുക്കളാണ്. സൽഫിയ മദ്രസയിലെ 475 വിദ്യാർത്ഥികളിൽ 225 പേർ ഹിന്ദുക്കളാണ്. അസീസിയ മദ്രസയിലെ 143 വിദ്യാർത്ഥികളിൽ 35 പേർ ഹിന്ദുക്കളാണ്. പുതിയ ഫൈസുൽ ഖുറാൻ മദ്രസയിലെ 100 കുട്ടികളിൽ 20 പേർ ഹിന്ദുക്കളാണ്. ആർബിയ മദ്രസയില 374 പേരിൽ 20 പേർ ഹിന്ദുക്കളാണ്.

എല്ലാ വിദ്യാലയങ്ങളിലും ഖുറാൻ പഠിപ്പിക്കുന്നുണ്ടെങ്കിലും പുരോഗമനാത്മകമായ ഒരു പാഠ്യപദ്ധതിയാണുള്ളത്. മതവിദ്യാഭ്യാസംകൊണ്ടുമാത്രം മുന്നോട്ടു പോകാനാവില്ല. ശാസ്ത്രവും ഭൂമിശാസ്ത്രവും ഗണിതശാസ്ത്രവും ഇംഗ്ലീഷുമെല്ലാം മദ്രസകളിൽ പഠിപ്പിക്കുണ്ടെന്ന് സൽഫിയ പ്രിൻസിപ്പാൾ മുഹമ്മദ് സൈക്കത്ത് പറഞ്ഞു. സൽഫിയയിൽ മാത്രമേ പെൺകുട്ടികൾക്ക് ഹൈസ്കൂൾ പഠനസൗകര്യമുള്ളു. ഇതു നിർത്തിയാൽ കുട്ടികൾക്ക് പത്തു കിലോമീറ്റർ നടക്കേണ്ടി വരും. ഇപ്പോൾ കമ്പ്യൂട്ടർ-എലക്ട്രോണിക്സ് പഠനത്തിന്നും സൗകര്യം ഏർപ്പെടുത്തിവരുന്നുണ്ട്.

ഈ മദ്രസകൾക്കൊന്നും ഗവർമ്മേണ്ടിൽനിന്ന് ഒരു സഹായവും ലഭിക്കുന്നില്ലെന്നതാണ് കഷ്ടം. കുട്ടികൾക്ക് ഉച്ചഭക്ഷണത്തിന്നും ഏർപ്പാടില്ല; അവർക്ക് സൗജന്യമായി യൂണിഫോമും നൽകുന്നില്ല. അതെല്ലാം മദ്രസ മാനേജ്മെന്റ് വഹിക്കുന്നു. സൽഫിയ സ്കൂളിൽ കുട്ടികൾക്ക് 5ക. ഫീസ് വച്ചിട്ടുണ്ട്.

അധ്യാപകർക്ക് സർക്കാരിൽനിന്ന് ശമ്പളം നൽകുന്നില്ല. ഗുണകാംക്ഷികൾ നൽകുന്ന സംഭാവനകൾകൊണ്ടാണ് അധ്യാപകർക്ക് ഇടക്ക് ശമ്പളം നൽകുന്നത്. അത് മാസം 800 ക. മുതൽ 1500 ക.വരെ വരും. സർക്കാർ സ്കൂളിൽ ഒരധ്യാപകന്ന് 3000 ക. ശമ്പളം കിട്ടുന്നുണ്ട്. ❑

# ഭീകരവേട്ട: എന്തുകൊണ്ട് അന്വേഷണമില്ല?

**മു**ംബായിലെ ഭീകരാക്രമണം സംബന്ധിച്ച ബഹളത്തിന്നിടയിൽ അതിന്ന് തൊട്ടുമുമ്പുണ്ടായ ഒരു "ഭീകരാക്രമണകഥ" ജനങ്ങൾ മറന്നുപോയെന്നു തോന്നുന്നു. ഈ ഭീകരവേട്ട നടന്നത് മുംബായിലല്ല, ദൽഹിയിൽ തന്നെയാണ്.

ദൽഹിയിൽ കുറച്ചുകാലമായി ബോംബ് സ്ഫോടനങ്ങളുണ്ടാകാറുണ്ട്. പരാക്രമികളായ നാനാതരം പോലീസുകാർ ദൽഹിയിലുണ്ടെങ്കിലും ഒന്നിന്നും തുമ്പുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ജനങ്ങളുടെ ശകാരം സഹിക്കവയ്യാതായിട്ടാണെന്നു തോന്നുന്നു, ദൽഹി പോലീസ് ഒരു ദിവസം ജമിയ നഗറിലെ ബട്‌ല ഹൗസ് എന്ന നാലുനില കെട്ടിടത്തിൽ കയറിചെന്ന് രണ്ടു വിദ്യാർത്ഥികളെ വെടിവച്ചു കൊന്നു. ദൽഹിയിലെ സ്ഫോടനങ്ങൾക്കു മാത്രമല്ല, അഹമ്മദാബാദ്, ഹൈദരാബാദ്, ബാംഗളൂർ എന്നിവിടങ്ങളിലുണ്ടായ സ്ഫോടനങ്ങൾക്കും ഇവരാണ് ഉത്തരവാദികളെന്നു പോലീസ് പറയുന്നു.

പ്ലസ് വൺ പരീക്ഷക്ക് തയ്യാറെടുക്കാനായിട്ടാണ് പതിനേഴു വയസ്സു മാത്രം പ്രായമുള്ള സയ്യദ്, ജമിയയിൽ വന്നത്. ഹോസ്റ്റലിൽ സ്ഥലം കിട്ടാത്തതിനാൽ, വാടക കുറഞ്ഞ ബട്‌ലാ ഹൗസിലെ ഒരു മുറി സംഘടിപ്പിക്കുകയാണുണ്ടായത്. അതേ മുറിയിൽ താമസിച്ചിരുന്ന അത്തിഖ് എന്ന വിദ്യാർത്ഥിയും പരീക്ഷക്ക് ഒരുങ്ങുകയായിരുന്നു. അതിന്നിടയിൽ അയാൾ ഒരു ഡ്രൈവിങ് ലൈസൻസെടുത്തു. ലൈസൻസിനുള്ള അപേക്ഷയിൽ അത്തിഖിനെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും കൃത്യമായിത്തന്നെ നൽകിയിരുന്നു. ഇവർക്കുപുറമെ വേറെ മൂന്നുപേർകൂടി ആ കൊച്ചുമുറിയിൽ താമസിക്കുന്നുണ്ടായിരുന്നു. അതിലൊരാൾ അന്നു രാവിലെ നടന്ന മാനേജ്മെന്റ് പരീക്ഷക്കു പോയതിനാൽ രക്ഷപ്പെട്ടു.

സയ്യദും അത്തിഖും ഭീകരന്മാരാണെന്നു പറയുന്നതിന്ന് ഒരു കടുകുമണിയോളം തെളിവുപോലും പോലീസിന്ന് ഹാജരാക്കാനില്ല. പോലീസ് അങ്ങനെ പറയുന്നുവെന്നതുമാത്രമാണൊരു തെളിവ്.

പോലീസ് വെടിവച്ചുകൊന്ന കുട്ടികളുടെ മൃതദേഹം സംസ്കരിക്കുന്നതിന്നു മുമ്പ്, മതാചാരപ്രകാരം കുളിപ്പിക്കണമെന്ന് സമുദായ നേതാക്കന്മാർ ശഠിച്ചതിനാൽ പോലീസിന്ന് അതിന്നനുവദിക്കേണ്ടിവന്നു. മൃതശരീരം കുളിപ്പിച്ചപ്പോൾ, സയ്യദിന്റെ നെറുകയിൽ അരഡസനിലേറെ വെടിയേറ്റ പാടു കണ്ടു. അവിടെയുണ്ടായിരുന്ന ചിലർ അത് മൊബൈൽ ക്യാമറയിൽ പകർത്തി സൂക്ഷിച്ചിട്ടുമുണ്ട്. ഇതിൽ നിന്നൊരു കാര്യം വ്യക്തമായി. സയ്യദിന്റെ തല താഴ്ത്തിപ്പിടിച്ച് നെറുകയിൽ വെടിവെയ്ക്കുകയാണുണ്ടായത്. ഒന്നല്ല; അരഡസൻ വെടി. പഴയ രീതിയിൽ "ഏറ്റുമുട്ടലിൽ" കൊല്ലപ്പെട്ടതാണെങ്കിൽ ഇങ്ങനെ നെറുകയിൽ വെടികൊള്ളുകയില്ലായിരുന്നു.

ഈ കുട്ടികൾ പോലീസ് പറയുന്നതുപോലെ ഭീകരന്മാരായിരുന്നുവെന്നുതന്നെ കരുതുക. പോലീസ് എന്തുകൊണ്ടവരെ ജീവനോടെ പിടിക്കാൻ ശ്രമിച്ചില്ല? ഒരു ഭീകരനെ ജീവനോടെ പിടികിട്ടിയാൽ ഒട്ടേറെ രഹസ്യങ്ങൾ മനസ്സിലാക്കാൻ കഴിയും. "നേരിടൽ" നടന്നുവെന്നു പറയുന്ന സ്ഥലം ഞാൻ നേരിട്ട് കണ്ടതാണ്. അവിടെ ഭീകരന്മാരുണ്ടെന്ന് വിവരം കിട്ടിയാൽ ചെയ്യാവുന്ന ഏറ്റവും നല്ല കാര്യം കെട്ടിടം സീൽ ചെയ്ത് അവിടത്തെ താമസക്കാരെ ഒഴിവാക്കുകയും മറ്റുള്ളവരെ പുകച്ചു പുറത്തുചാടിക്കുകയുമായിരുന്നു. ആ നാലുനില കെട്ടിടത്തിന്ന് ഒരൊറ്റ പ്രവേശന മാർഗ്ഗമേയുള്ളൂ. ഇതൊക്കെയായിട്ടും വെടിവെയ്ക്കൽ ഒഴിവാക്കാനാകാത്ത സാഹചര്യം വന്നിരുന്നുവെങ്കിൽ, കാലിൽ വെടിവച്ചു വീഴ്ത്താമായിരുന്നു.

ഒരു റൗണ്ട് വെടിവെപ്പ് കഴിഞ്ഞതിന്നുശേഷം അനേകം റൗണ്ട് ആകാശത്തേക്ക് വെടിവെച്ചതെന്തിനാണ്? ഭീകരന്മാരുമായി കടുത്ത പോരാട്ടം നടന്നുവെന്ന പ്രതീതിയുളവാക്കാനല്ലേ പൂച്ചടികളും മറ്റും വലച്ചെറിഞ്ഞുടച്ചത്?

ഈ ജമിയ സംഭവത്തിലെ ഏറ്റവും ദുരൂഹമായ കാര്യം മോഹൻചന്ദ് ശർമ്മയുടെ മരണമാണ്. 35 ഏറ്റുമുട്ടലുകൾ നടത്തി പരിചയ സമ്പത്ത് നേടിയ പോലീസ് ഉദ്യോഗസ്ഥനാണിദ്ദേഹം. ഇത്രയേറെ "ഏറ്റുമുട്ടലു"കളിൽ പങ്കെടുത്ത് പരിചയ സമ്പത്ത് നേടിയ ഈ പോലീസ് ഉദ്യോഗസ്ഥൻ ജമിയയിലെ സംഘട്ടനത്തിന്നിറങ്ങി പുറപ്പെട്ടപ്പോൾ ഒരു ബുള്ളറ്റ് പ്രൂഫ് വെസ്റ്റ് പോലും ധരിക്കാതിരുന്നതെന്തുകൊണ്ടാണ്? വെടിയേറ്റിട്ടും അദ്ദേഹം നാലുനില കീഴോട്ടിറങ്ങിവന്ന് സ്വന്തം വാഹനത്തിൽ കയറിയിരുന്നതോ? "ഭീകര"ന്മാരെ വധിക്കുന്നതായി കാണിക്കുന്ന പരാക്രമങ്ങൾക്കിടയിൽ ഏതെങ്കിലും സഹപ്രവർത്തകന്റെ വെടിയേറ്റതാണോ? ഒരന്വേഷണം കൊണ്ടുമാത്രമേ ഇതിന്റെ രഹസ്യം പുറത്തുവരൂ.

ജമിയാ നഗറിലെ "ഏറ്റുമുട്ട"ലിനെപ്പറ്റി ഒരു ജൂഡീഷ്യൽ അന്വേഷണം നടത്തണമെന്ന ആവശ്യം പരിഹാസ്യമാണെന്ന് ഗവർമ്മേണ്ടിന്റെ ദേശരക്ഷോപദേഷ്ടാവായ എം.കെ. നാരായണൻ പറയുകയുണ്ടായി. പോലീസ് വെടിവെപ്പിലുണ്ടാകുന്ന ഓരോ മരണവും കൊലപാതകമായി രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമെന്ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടിരിക്കുന്നതിനെപ്പറ്റി നാരായണന് എന്തുപറയാനുണ്ട്. പോലീസ് വെടിവെപ്പുമൂലമോ പോലീസ് കസ്റ്റഡിയിൽവച്ചോ സംഭവിക്കുന്ന ഓരോ മരണവും മജിസ്റ്റീരിയൽ അന്വേഷണത്തിന്ന് വിധേയമാക്കണമെന്ന് നിയമത്തിൽതന്നെ പറഞ്ഞിട്ടില്ലേ? ഭീകരമുദ്രകുത്തപ്പെട്ട ചില ചെറുപ്പക്കാരുടെ അമ്മമാർ ഈയിടെ ടെലിവിഷനിൽ പ്രത്യക്ഷപ്പെടുകയുണ്ടായി. തങ്ങളുടെ കുട്ടികൾ രാജ്യദ്രോഹപരമായ എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അവരെ പരസ്യമായി തൂക്കികൊന്നുകൊള്ളാൻ അവർ പറഞ്ഞു. പക്ഷെ അതിന്നുമുമ്പ് അവർക്കെതിരായ ആരോപണം അന്വേഷിച്ച് ശരിയാണോ എന്നു കണ്ടുപിടിക്കണമെന്നേ അവർ ആവശ്യപ്പെടുന്നുള്ളൂ. എന്തുകൊണ്ട് അതു വയ്യ? ❑

# ഉല്പാദനക്ഷമമല്ലാത്ത സഹായം പാഴ്‌വേലയാകും

- മിഹിർ ഷാ -

ഉപജീവനമാർഗ്ഗം ഉണ്ടാക്കുകയും പരാശ്രയത്തിന്ന് അറുതിവരുത്തുകയും ചെയ്യുമെങ്കിൽ മാത്രമേ ദാരിദ്ര്യ നിവാരണ പരിപാടികൾ ഫലപ്രദമാകൂ. ഇത് സാധിക്കണമെങ്കിൽ പ്രബലമായ ജനകീയ സ്ഥാപനങ്ങൾ ഉണ്ടാകണം; ഓരോ പ്രദേശത്തേക്കും അനുയോജ്യമായ സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കണം; സാങ്കേതിക വൈദഗ്ധ്യം വികസിപ്പിക്കണം; വേണ്ടത്ര പണം സർക്കാർ നിക്ഷേപിക്കുകയും വേണം.

ചില സാമ്പത്തിക വിദഗ്ധർ ഇന്നത്തെ ദാരിദ്ര്യ നിവാരണ നടപടികളെ എതിർക്കുന്നുണ്ട്. റോഡുണ്ടാക്കാനും കുളം കുഴിക്കാനുമെല്ലാം പണം ചെലവാക്കുന്നതിന്നു പകരം അതത് പ്രദേശത്തെ ദരിദ്രരെ പണം കൊടുത്തു സഹായിക്കുകയാണ് നല്ലതെന്ന് അവർ പറയുന്നു. ഭക്ഷണം രാസവളം, ഇന്ധനം എന്നിവക്കു നൽകുന്ന സബ്സിഡി ഉൾപ്പെടെ നാനാതരം ദാരിദ്ര്യ നിവാരണ പദ്ധതികൾക്കെല്ലാം കൂട്ടിയാൽ ഇന്ത്യാഗവർമ്മേണ്ട് കൊല്ലത്തിൽ 2,00,000 കോടി രൂപ ചെലവാക്കുന്നുണ്ടെന്നാണ് അരവിന്ദ് സുബ്രഹ്മണ്യം പറയുന്നത്. നാനാവിധ പദ്ധതികൾക്കായി ഇത്ര ഭീമമായ തുക ചെലവാക്കുന്നതിന്നു പകരം ഓരോ പഞ്ചായത്തിന്നും ഓരോ കോടി രൂപ നേരിട്ടു നൽകിയാൽ പോരേ എന്നാണദ്ദേഹം ചോദിക്കുന്നത്. കേൾക്കാൻ രസമുള്ള ചോദ്യമാണിത്. ഇതിനെ പിന്താങ്ങുന്നവരും ഏറെയുണ്ട്. പക്ഷെ ബുദ്ധിപരമായ, നയപരമായ, രാഷ്ട്രീയമായ മാന്ദ്യത്തെയാണ് പ്രതിഫലിപ്പിക്കുന്നത്.

അരവിന്ദ് രണ്ടു പദ്ധതിയാണ് നിർദ്ദേശിക്കുന്നത്. ഒന്ന് വ്യക്തികൾക്ക് പണം ഏല്പിച്ചു കൊടുക്കൽ; രണ്ടാമത്തേത് പഞ്ചായത്തുകളെ ഏല്പിക്കൽ. ഇന്ദിരാ ആവാസ് യോജന എന്നൊരു പദ്ധതി ഇപ്പോൾതന്നെ ഈ വിധത്തിൽ നടത്തുന്നുണ്ട്. ദരിദ്ര കുടുംബങ്ങൾക്ക് വീടുണ്ടാക്കാൻ നൽകുന്നതിന്നായി കോടിക്കണക്കിന്നു രൂപ പഞ്ചായത്തുകളെ ഏൽപ്പിക്കുന്നു. പക്ഷെ ഇങ്ങനെ ഏല്പിക്കുന്ന പണം വീടായി മാറുന്നില്ല എന്നതാണ് പ്രശ്നം. ഒന്നാമത് വീടുണ്ടാക്കാൻ കൊടുക്കുന്ന പണം വീടുണ്ടാക്കാൻ തികയില്ല. രണ്ടാമത് ദരിദ്രർക്ക് ആവശ്യങ്ങൾ പലതാണ്. വീട് പണിയേക്കാൾ പ്രധാനമായ മറ്റേതെങ്കിലും ആവശ്യം വന്നാൽ അവർ പണം അതിന്നു ചെലവാക്കും. സർവ്വോപരി വീടുപണിയാൻ ആശാരിമാരെപ്പോലുള്ള സാങ്കേതിക വിദഗ്ധരുടെ സേവനം ആവശ്യമായി വരും.

വരുമാനമുണ്ടാക്കുന്ന പ്രവർത്തനങ്ങൾക്കായി പണം നൽകുന്നൊരു പദ്ധതിയാണ്. സ്വർണ ജയന്തിഗ്രാം സ്വരോജ്ഗർ യോജന എന്നത് യഥാർത്ഥത്തിൽ ഇതു വായ്പയാണ്. ഇങ്ങനെ വാങ്ങുന്ന പണം ഉപയോഗപ്പെടുത്താനുള്ള സാങ്കേതികവിദ്യ അപേക്ഷകന്നുണ്ടോ, ഉണ്ടെങ്കിൽതന്നെ അതിന്നു മാർക്കറ്റുണ്ടോ എന്നൊന്നും അന്വേഷിക്കാൻ ഉദ്യോഗസ്ഥർ മുതിരാറില്ല. ഫലം? അനർഹരായ പലരുടേയും കൈകളിൽ പണമെത്തുന്നു. അർഹരാണെങ്കിൽതന്നെ വായ്പ തിരിച്ചടക്കുന്നവർ കുറവാകും. തന്മൂലം വായ്പ കുന്നുകൂടും.

വാസ്തവത്തിൽ ദരിദ്രരുടെ പ്രശ്നം പണമില്ലായ്മയല്ല. പണമുണ്ടായാൽതന്നെ അതൊരു ഉപജീവനമാർഗ്ഗമാക്കി മാറ്റാൻ മറ്റുപല ഘടകങ്ങളും ഒത്തുവരണം. ശാശ്വതമായ ഒരു ഉപജീവനമാർഗ്ഗം ഉണ്ടാകണമെങ്കിൽ സാങ്കേതിക വൈദഗ്ധ്യം നേടണം; വിപണി കണ്ടെത്തണം; സാങ്കേതികവിദ്യ കരഗതമാക്കണം, ഭൗതിക നിവേശങ്ങളും അടിസ്ഥാന സൗകര്യങ്ങളും സ്ഥാപനങ്ങളും ഉണ്ടാകണം.

സർക്കാരിനേക്കാൾ സാധുക്കളെ വിശ്വസിക്കാൻ പഠിക്കണമെന്ന് അരവിന്ദ് ഉപദേശിക്കുന്നു. പക്ഷെ ഇവിടത്തെ പ്രശ്നം വിശ്വാസത്തിന്റേതല്ല. തീർത്തും വിശ്വസ്ഥനായ ഒരാൾക്കുപോലും കയ്യിൽ കിട്ടിയ പണം തിരിച്ചടക്കാനായെന്നുവരില്ല. പണം തിരിച്ചടക്കാൻ കഴിവുണ്ടാക്കുന്ന ഒരു സാഹചര്യം ആദ്യംതന്നെ സൃഷ്ടിക്കണം. കിട്ടിയ പണം തിരിച്ചടക്കണമെങ്കിൽ വിപണി, സാങ്കേതികവിദ്യ, ഭൗതിക സാമഗ്രികൾ തുടങ്ങിയവ ഉണ്ടാകണം.

ദരിദ്രർക്ക് നേരിട്ട് പണം നൽകുന്ന പദ്ധതിക്ക് ഉദാഹരണമായി ചിലർ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയെ ചൂണ്ടിക്കാട്ടുന്നുണ്ട്. വലിയ തെറ്റിദ്ധാരണയാണിതിന്നു പിന്നിൽ. പഴയ ദുരിതാശ്വാസ പ്രവർത്തനത്തിന്റെ പുതിയപതിപ്പല്ല ഇത്. നേരെമറിച്ച് ഇതൊരു വികസന പദ്ധതിയാണ്. സർക്കാരിന്റെ നിക്ഷേപത്തെ ഫലദായകമാക്കുന്ന സ്വകാര്യ മൂലധന നിക്ഷേപം ഇതിലുണ്ട്. ഏറ്റവും പിന്നണിയിൽ കിടക്കുന്ന പ്രദേശങ്ങളിൽ അവിടത്തെ ജനങ്ങളുടെ പങ്കാളിത്തത്തോടെയാണിത് നടപ്പാക്കുന്നത്. പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച ഏതുകാര്യവും ജനങ്ങളാണ് തീരുമാനിക്കുന്നത്. ജോലിസ്ഥലം ഏതായിരിക്കണമെന്നും ജോലി എന്തായിരിക്കണമെന്നും നിർണയിക്കുന്നത് ജനങ്ങളാണ്. അതിന്റെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതും ജനങ്ങളാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ജനകേന്ദ്രീകൃതമായൊരു പദ്ധതിയാണിത്. സർക്കാരിന്റെ തീരുമാനം ജനങ്ങൾ നടപ്പാക്കുന്നതിന്നു പകരം ജനങ്ങളുടെ തീരുമാനം സർക്കാർ നടപ്പാക്കുകയാണിവിടെ ചെയ്യുന്നത്.

പക്ഷെ ഈ പദ്ധതിക്ക് ഇനിയും സാമൂഹ്യ നേതൃത്വം ലഭിച്ചിട്ടില്ല. ആവശ്യമായ സാങ്കേതിക വിദഗ്ധരേയും നൽകിയിട്ടില്ല. ജോലിക്കാർക്കുള്ള കൂലി പരിമിതമാണ്. പണ്ട് കരാറുകാർ നൽകിയിരുന്ന കൂലിയേ ഇപ്പോഴും ലഭിക്കുന്നുള്ളൂ.

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ സർവ്വരോഗ സംഹാരിയായി കാണിക്കുന്നത് അബദ്ധമാണ്. ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവിക്ക് ഉറപ്പു നൽകുന്നത് അതാണെന്നത് ശരിതന്നെ. പക്ഷെ ഇന്ത്യയുടെ വലിയൊരു ഭാഗത്ത് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ഇന്നും പ്രവർത്തനക്ഷമമായിട്ടില്ലെന്ന കാര്യം മറക്കരുത്. ❑

# ഇത് പ്രതികാരത്തിനുള്ള സമയമല്ല

- കല്പന ശർമ്മ -

നവമ്പർ 26ന്ന് മുംബായിൽ നടന്ന ഭീകരാക്രമണത്തെത്തുടർന്ന് സമാധാനത്തിന്നുവേണ്ടിയുള്ള ശബ്ദമുയരുന്നത് കേൾക്കാൻ ഞങ്ങളിൽ പലരും കാതോർത്തു. എന്നാൽ പ്രതികാരത്തിനും യുദ്ധത്തിനുമുള്ള മുറവിളിയാണ് നാനാഭാഗങ്ങളിൽനിന്നും ഉയർന്നു കേട്ടത്. മറ്റു ചിലേടത്ത് മറ്റു ചിലപ്പോൾ കേട്ടതുതന്നെയാണിത്. അമേരിക്കയിൽ 9/11ന്നുശേഷം നാം ഇതേ മുറവിളി കേട്ടതാണ്. ഇന്ത്യയിൽ കേൾക്കുന്നത് അതിന്റെ ഒരു പ്രതിധ്വനിയാണ്.

പക്ഷെ അമേരിക്കയിൽ 9/11 ന്നു ശേഷം സമാധാനത്തിന്നു വേണ്ടി വിവേകത്തിന്നു വേണ്ടി, സ്വയം നിയന്ത്രണത്തിന്നുവേണ്ടി പ്രമുഖരായ പൊതുപ്രവർത്തകരുടെ ഉറച്ച ശബ്ദം നാം കേട്ടിരുന്നു. ഒഴുക്കിനെതിരെ നീന്തിയതിന്ന് ഇവർ അപലപിക്കപ്പെട്ടു എന്നത് ശരിയാണ്.

അമേരിക്കയിലെപ്പോലെ ഇന്ത്യയിലും സങ്കീർണമായ പ്രശ്നങ്ങൾക്ക് ലളിതമായ ഉത്തരങ്ങൾ പറയിക്കാൻ നമ്മുടെ മാധ്യമങ്ങൾ ശ്രമിക്കുന്നുണ്ട്. മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ഉത്തരങ്ങളോടുകൂടിയ ചോദ്യങ്ങൾ നിങ്ങളുടെ മുഖത്ത് വലിച്ചെറിഞ്ഞ് "അതേ" എന്നോ "അല്ല" എന്നോ പറയാൻ നിങ്ങൾ നിർബ്ബന്ധരാകുന്നു. പാക്കിസ്താനെ പ്രകോപിപ്പിച്ച് ഒരു യുദ്ധമുണ്ടാക്കുന്നത് ശരിയല്ല എന്ന് നിങ്ങൾ വിശ്വസിക്കുന്നതിന്റെ കാരണം "30 സെക്കന്റിനകം" വിശദീകരിക്കാൻ നിങ്ങൾ നിർബ്ബന്ധരാകുന്നു.

ഇതിന്റെയെല്ലാം ഫലമായി നാം കടന്നാക്രമണങ്ങളെപ്പറ്റി സുലഭമായി കേൾക്കുന്നു. ഇവയിലധികവും തികഞ്ഞ അജ്ഞതയിൽനിന്ന് ഉളവാകുന്നതാണ്. ഭീകര പ്രവർത്തനത്തെ നേരിടാൻ നിർണായക നടപടി സ്വീകരിക്കണമെന്നാണ് ബഹുജനാഭിപ്രായമെന്നും ഇവർ നമ്മെ ധരിപ്പിക്കുന്നു.

ഇതിലധികവും ബഹുജനാഭിപ്രായം സൃഷ്ടിക്കാൻ വേണ്ടിയുള്ള അഭ്യാസങ്ങളാണ്. ഇതിലധികവും നഗരപ്രദേശങ്ങളിലെ ഇടത്തരക്കാരുടേയും മേൽത്തട്ടുകാരുടേയും അഭിപ്രായങ്ങളാണ്. അഞ്ചു സംസ്ഥാനങ്ങളിൽ ഈയിടെ നടന്ന തിരഞ്ഞെടുപ്പിന്റെ ഫലംതന്നെ ഇതിന്ന് തെളിവാണ്. "ഭീകരസന്ദേശ"വുമായി വോട്ടർമാരെ നേരിട്ട പാർട്ടികൾക്ക് കാര്യമായൊരു നേട്ടവുമുണ്ടായില്ല. ഇന്ത്യയിലെ ഗ്രാമ പ്രദേശങ്ങളിൽ ഏറ്റവും പ്രസക്തമായ കാര്യം സാമ്പത്തിക വികസനം തന്നെയാണ്. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം വെള്ളവും ഭക്ഷണവുമാണ് സുരക്ഷിതത്വ പ്രശ്നം. പാക്കിസ്താനുമായുള്ള യുദ്ധമോ പട്ടാള ഭരണമോ ഭീകരവിരുദ്ധ നിയമമോ അവർക്ക് സുരക്ഷിതത്വം നൽകില്ല.

ഭരണം നന്നാകണം രഹസ്യാന്വേഷണം മെച്ചപ്പെടണം, പോലീസിന്ന് മെച്ചപ്പെട്ട പരിശീലനവും ആയുധവും നൽകണം എന്നൊക്കെ ചിലർ പറയുന്നുണ്ടെങ്കിലും പാക്കിസ്താനുമായുള്ള ബന്ധം മെച്ചപ്പെടുത്തണമെന്ന് ആരും പറയുന്നില്ല. അതിർത്തിയുടെ ഇരുഭാഗത്തുമുള്ള സാമൂഹ്യ പ്രവർത്തകരുടെ പരിശ്രമ ഫലമായി ഇന്ത്യക്കാരും പാക്കിസ്താനികളും തമ്മിലുള്ള ബന്ധം വളരെയേറെ മെച്ചപ്പെടുത്താൻകഴിഞ്ഞിരുന്നതാണ്. ആ സൗഹൃദ ബന്ധം മുഴുവൻ ഈ മുംബായ് ആക്രമണത്തോടെ മണ്ണടിഞ്ഞു.

അമേരിക്കയിലെ 9/11 ആക്രമണത്തിന്നുശേഷം ഉയർന്നുകേട്ട സമാധാന ശബ്ദങ്ങളിലൊന്ന് അമേരിക്കൻ കോൺഗ്രസ്സിലെ അംഗമായ ബാർബറ ലീയുടേതായിരുന്നു. സെപ്തംബർ 14ന്നു ചേർന്ന ജനപ്രതിനിധിസഭയിൽ ഭീകരാക്രമണത്തിന്നു ശേഷം വെറും മൂന്നു ദിവസം കഴിഞ്ഞ സമയത്ത് അവർ "ബലപ്രയോഗ പ്രമേയ"ത്തെ എതിർത്തു സംസാരിച്ചു. അവർ പറഞ്ഞു: "നമ്മളിവിടെ നേരിടാൻ പോകുന്നത് ഒരു സാധാരണ യുദ്ധത്തെയല്ല, അതുകൊണ്ടുതന്നെ നമുക്കിതിനെ സാധാരണ രീതിയിൽ നേരിടാനുമാവില്ല. ഈ നേരിടൽ അനിയന്ത്രിതമായി പോകുന്നത് കാണാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ദേശീയ സുരക്ഷിതത്വം, വിദേശ നയം, പൊതുരക്ഷ, രഹസ്യാന്വേഷണം, സാമ്പത്തികാവസ്ഥ, കൊലപാതകം എന്നിവയെല്ലാം ഉൾപ്പെട്ടൊരു കാര്യമാണിത്. നമ്മുടെ പ്രതികരണവും അതുപോലെ ബഹുമുഖമായിരിക്കണം. നമ്മൾ ആലോചിക്കാതൊന്നും ചെയ്യരുത്. നിർദ്ദോഷികളായ ഒട്ടേറെ പേർ ഇതിന്നകം മരിച്ചു. രാജ്യം ദു:ഖത്തിൽ ആമഗ്നമാണ്. നാം പെട്ടെന്ന് ഒരു പ്രത്യാക്രമണം നടത്തിയാൽ ഇതുമായി ഒരു ബന്ധവുമില്ലാത്ത ഒട്ടേറെ സ്ത്രീകളും കുട്ടികളും മറ്റുള്ളവരും ആക്രമണത്തിന്നിരയാകും."

ബാർബറയുടെ മുന്നറിയിപ്പ് കേൾക്കാൻ ബുഷിന്റെ ഭരണകൂടം തയ്യാറായില്ല. ഭീകരതക്കെതിരായ യുദ്ധ ത്തിന്ന് ലോകം ഇപ്പോഴും വില നൽകിക്കൊണ്ടിരിക്കുന്നു. ഭാഗ്യത്തിന്ന് ഇന്ത്യാ ഗവർമ്മേണ്ട് ഇത്രനാളും നയതന്ത്രത്തിന്റേതായ മാർഗ്ഗമാണ് അവലംബിച്ചിരിക്കുന്നത്. പക്ഷെ ഒരു യുദ്ധാന്തരീക്ഷം സൃഷ്ടിക്കുക എത്ര എളുപ്പമാണെന്ന് മുംബായ് സംഭവം തെളിയിക്കുന്നു.

സമാധാനത്തിന്നുവേണ്ടി നിലകൊള്ളുന്നവർ ഇന്ത്യയിലും പാക്കിസ്താനിലും ഒട്ടേറെയുണ്ടെന്ന വസ്തുത നാം വീണ്ടും വീണ്ടും ജനങ്ങളെ ഓർമ്മിപ്പിക്കേണ്ടതുണ്ട്. യുദ്ധക്കൊതിയന്മാരുടെ ബഹളത്തിന്നിടയിൽ ഇവരുടെ ശബ്ദം മുങ്ങിപ്പോയെന്നുവരാം എന്നാലും അത് കെട്ടുപോകില്ല.

ദീർഘകാലത്തെ പട്ടാള ഭരണത്തിന്നുശേഷം ജനാധിപത്യപരമായ ഒരു ഭരണകൂടം നിലവിൽവന്ന സാഹചര്യമാണ് പാക്കിസ്ഥാനിലേതെന്ന് നാം ഓർക്കണം. സർക്കാർ നിയന്ത്രണത്തിലല്ലാത്ത ഒരു മാധ്യമശൃംഖല അവിടെയുണ്ട്. നമ്മുടേതിൽനിന്ന് അധികം വ്യത്യസ്തമല്ലാത്ത ഒരു സിവിൽ സമൂഹമാണ് അവിടെയുള്ളത്. ദാരിദ്ര്യം, നിരക്ഷരത, പരിസര മലിനീകരണം, ശിശു മരണം, സ്ത്രീകളുടെ പദവി, ശുദ്ധജലം, നഗരവൽക്കരണം തുടങ്ങിയ നമ്മുടെ പ്രശ്നങ്ങൾ തന്നെയാണ് പാക്കിസ്താൻകാർക്കുമുള്ളത്. ഷിയ-സുന്നി തുടങ്ങിയ വിഭാഗീയതകളുടെ അടിസ്ഥാനത്തിലുള്ള പ്രശ്നങ്ങളും പാക്കിസ്താനിലുണ്ട്. അതുപോലെ അവിടേയുമുണ്ട് ഭീകരാക്രമണങ്ങൾ.

പ്രതികാരത്തെക്കുറിച്ച് എല്ലാവരും ചിന്തിച്ചുകൊണ്ടിരിക്കുന്ന ഒരവസരത്തിൽ ഇതൊന്നും കേൾക്കാൻ ആരും ഇഷ്ടപ്പെടുകയില്ലെന്ന് എനിക്കറിയാം. അതുകൊണ്ടുതന്നെ വ്യത്യസ്തമായ ഒരഭിപ്രായമുള്ളവർ അത് ഉറക്കെ തുറന്നു പറയേണ്ട സയമാണിത്. ❑

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Licensed to post without prepayment: KL/TCR/WPP-06/2006-08
Posted at R.M.S., Thrissur-21. Date of posting: 28-01-2009

# ചെരിപ്പേറ് ലണ്ടനിലും


ലണ്ടനിലെ ചെരിപ്പേറ്

**പ്ര**സിഡണ്ട് ബുഷിനു നേരെ ചെരിപ്പെറിഞ്ഞ ഇറാഖി പത്രപ്രവർത്തകനായ മുന്താദർ സൈദി പാശ്ചാത്യ രാജ്യങ്ങളിലെ പ്രതിഷേധ പ്രകടനക്കാർക്ക് ഒരു മാതൃകയാകുകയാണെന്നു തോന്നുന്നു.

ലണ്ടനിൽ ഏത് പ്രതിഷേധ പ്രകടനവും വളരെ സമാധാനപൂർവ്വമേ നടത്താറുള്ളൂ. എന്നാൽ ജനുവരി ആദ്യത്തിൽ ഗാസക്കു നേരെ ഇസ്രായേൽ നടത്തിയ ആക്രമണത്തിൽ മൗനം പാലിച്ച ബ്രിട്ടീഷ് പ്രധാനമന്ത്രി ഗോർഡൻ ബ്രൗണിന്റെ നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് പതിനായിരത്തോളം പേർ പ്രകടനം നടത്തി.

പ്രകടനത്തിന്നുവരുന്നവർ പഴയ ചെരുപ്പുകൾ കൊണ്ടുവരണമെന്നും പ്രധാനമന്ത്രിയുടെ വസതിയായ 10-ാം നമ്പർ ഡൗണിങ് സ്ട്രീറ്റിൽ അതെല്ലാം നിക്ഷേപിക്കണമെന്നും സംഘാടകർ ആദ്യമേ ആവശ്യപ്പെട്ടിരുന്നു.

പക്ഷെ പ്രകടനക്കാർ ഡൗണിങ് സ്ട്രീറ്റിലേക്ക് പ്രവേശിക്കുന്നതുതന്നെ പോലീസ് തടഞ്ഞു. തുടർന്ന് കശപിശയായി. ജനങ്ങൾ പ്രധാനമന്ത്രിയുടെ വീടിന്നു നേരെ പഴയ ചെരിപ്പുകൾ എറിഞ്ഞ് തൃപ്തിപ്പെട്ടു.

ലണ്ടനെ സംബന്ധിച്ചിടത്തോളം ഇത് അസാധാരണമാണ്. അമേരിക്ക ഇറാഖിന്റെ നേരെ നടത്തിയ ആക്രമണത്തിന്ന് പ്രധാനമന്ത്രി ബ്ലെയർ പിന്തുണ നൽകിയപ്പോൾ ജനങ്ങൾ ക്ഷോഭിച്ചിളകിയെങ്കിലും അന്നുപോലും "ചെരിപ്പേറ്" ഒരു സമരമുറയായിരുന്നില്ല.

ഇറാഖി പത്രപ്രവർത്തൻ ചെരിപ്പെറിഞ്ഞപ്പോൾ അതിന്നൊരർത്ഥമുണ്ടായിരുന്നു; പ്രസക്തിയുണ്ടായിരുന്നു. പക്ഷെ ലണ്ടനിലുള്ള അതിന്റെ അനുകരണം ഒരു പ്രഹസനമായിത്തീർന്നു.

ഇതേസമയം അമേരിക്കയിലെ മിയാമിയിൽ ഒരു ചെരിപ്പു സമരം നടക്കുകയുണ്ടായി. ആരാണിത് സംഘടിപ്പിച്ചതെന്നു വ്യക്തമല്ല. അവിടത്തെ തിരക്കേറിയ റോഡിൽ ആയിരക്കണക്കിന്ന് ചെരിപ്പുകൾ പ്രത്യക്ഷപ്പെട്ടതുമൂലം ഗതാഗതമാകെ തകരാറിലായി.

തങ്ങൾ ഈ ചെരിപ്പെല്ലാം ആവശ്യക്കാർക്ക് വിതരണം ചെയ്യുമെന്ന് മിയാമിയിലെ ഒരു സന്നദ്ധ സംഘടന പ്രഖ്യാപിച്ചിട്ടുണ്ട്. ❏

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ:** വാർഷികം - 50 ക., ആയുഷ്കാലം - 1000 ക.